# ലിറ്റിൽ മാസിക

ലക്കം 128 ജൂൺ 2011




## ഹജ്ജുമ്മയുടെ ജീവിതം



## വെറുതെ വളർത്തുന്ന പശു


## സ്ത്രീകൾ സൈക്കിൾ ചവിട്ടിയാൽ





## പൊതുഗതാഗതം




## ടോട്ടോ-ചാൻ പ്രസിദ്ധീകരിക്കപ്പെട്ടിട്ട് 30 വർഷമായിരിക്കുന്നു





# ലിറ്റിൽ മാസിക


ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

128

ചീഫ് എഡിറ്റർ
ബിജു ജോൺ

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ

എക്സിക്യൂട്ടീവ് എഡിറ്റർ
പി.എം. ജോൺ

പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ
ചന്ദ്രബാബു തൃക്കലങ്ങോട

സ്പെഷ്യൽ കറസ്പോണ്ടന്റ്
ഹാരിസ് നെന്മേനി

ടൈപ്പ് സെറ്റിംഗ്
ജസീല

ലേഔട്ട്
ലിമാ ക്രിയേറ്റീവ

പ്രിന്റിംഗ്
4 പ്രിന്റ്,മഞ്ചേരി
9895117614



**Copy left**

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. കോപ്പിറൈറ്റ് എന്ന ആശയത്തിന് നേർ വിപരീതമാണ് കോപ്പി ലെഫ്റ്റ്. ആശയങ്ങളുടെ തടസ്സമില്ലാത്ത ഒഴുക്കാണ് കോപ്പിലെഫ്റ്റ് എന്നപ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്.


എഡിറ്റോറിയൽ

## ചെറിയ തീരുമാനങ്ങൾ

പരിസ്ഥിതി ദിനത്തിൽ കൃത്യമായി ഒരു അനുഷ്ഠാനം പോലെ നടക്കുന്ന കർമ്മമാണ് മരം നടീൽ. കഴിഞ്ഞ വർഷം നട്ട മരങ്ങൾ എത്രയെണ്ണം വേരു പിടിച്ചെന്നോ, ഉണങ്ങിപ്പോയെന്നോ ആരും ശ്രദ്ധിച്ച് കണ്ടില്ല. നാട്ടിലെ ചെറിയ ക്ലബ്ബുകൾ മുതൽ വലിയ പത്രസ്ഥാപനങ്ങളും കോർപറേറ്റ് സ്ഥാപനങ്ങളും വരെ മരങ്ങൾ നടുന്നു. ദിനാചരണങ്ങൾ ആചരിക്കാനുള്ളതായി മാറിയിട്ട് നാളുകൾ കുറെയായി. പ്രകൃതിയെ രക്ഷിക്കാൻ മനുഷ്യന് കഴിയുമോ? മനുഷ്യനാണ് പ്രകൃതിയെ രക്ഷിക്കേണ്ടത് എന്ന് ഊറ്റം കൊള്ളുന്നതു തന്നെ മനുഷ്യ കേന്ദ്രീകൃതമായ ചിന്തയാണ്. സത്യത്തിൽ മനുഷ്യൻ ഒന്നും ചെയ്യാതിരിക്കുകയാണ് വേണ്ടത്. ഒരു പരിസ്ഥിതി ദിനത്തിലെങ്കിലും യാതൊന്നും ചെയ്യാതെ വെറുതെയിരുന്നാൽ എങ്ങനെയുണ്ടാവും. എത്ര ഇന്ധനം, ഊർജ്ജം, പണം, വിഭവം ഇവ ലാഭിക്കാം. രക്ഷിക്കാനിറങ്ങുന്നവരെക്കൊണ്ടാണ് സത്യത്തിൽ ഭൂമി പൊറുതിമുട്ടുന്നത്. നമ്മുടെ പ്രവർത്തികളിൽ നിന്ന് പിൻവാങ്ങാൻ ആണ് ശ്രമം വേണ്ടത്.

'പ്രകൃതിയിൽ മനുഷ്യന്റെ ഇടപെടൽ കുറയ്ക്കുക' എന്ന സന്ദേശത്തിന് പ്രസക്തിയുണ്ട്. സ്വാഭാവിക പ്രകൃതിയിൽ മനുഷ്യൻ ഇടപെടാതിരിക്കുക. I have enough എന്ന ബോധം ഉള്ളിൽ ഉണ്ടാവുകയാണ് ഇനി വേണ്ടത്. എനിക്ക് ഉള്ളതു മതി എന്ന എന്ന് സ്വയം തിരിച്ചറിഞ്ഞ് ജീവിതത്തിൽ പകർത്താൻ ശ്രമിക്കാതെ, ജീവിതരീതികളിൽ മിതത്വം, സംയമനം, വിരമിക്കൽ ഇവ പാലിക്കാതെ എങ്ങനെ പരിസ്ഥിതിയെ പരിരക്ഷിക്കാനാവും..?

ആഴ്ചയിൽ ഒരു ദിവസമെങ്കിലും സ്വകാര്യവാഹനം ഉപേക്ഷിക്കാൻ, ഒറ്റയ്ക്ക് ഒരാൾ വലിയ വാഹനവുമായി യാത്രചെയ്യുന്നത് പരമാവധി ഉപേക്ഷിക്കാൻ, നിയന്ത്രണമില്ലാത്ത ഉപഭോഗത്തിന് അൽപം അറുതി വരുത്താൻ, വീടു നിർമ്മാണത്തിലും ഭൂമി വിനിയോഗത്തിലും അൽപ്പം സംയമനം പാലിക്കാൻ... അർത്ഥവത്തായ ഇത്തരം ചെറിയ തീരുമാനമെങ്കിലും ജീവിതത്തിൽ സ്വീകരിക്കാൻ കഴിയണമെങ്കിൽ I have enough എന്ന തിരിച്ചറിവോടെ ഒന്ന് അടങ്ങിയിരിക്കുക മാത്രം ചെയ്താൽ മതി.

---

## അതിജീവനത്തിന്റെ വഴികൾ



സക്കറിയ

ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. എങ്ങനെയാണ് മലയാളികൾ അതിജീവനം നടത്തുന്നതെന്ന്. ഒരു ബോധ ജ്ഞാനത്തോടെ ഇന്നത്തെ രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും മാധ്യമങ്ങളുടെയും സ്വാർത്ഥതയെയും അഹങ്കാരത്തെയും നേരിട്ടുകൊണ്ട് അതിജീവനം നടത്തുക അത്ര എളുപ്പമല്ല. ഒളിഞ്ഞിരുന്ന് ഗറില്ലായുദ്ധമുറ പോലെ ഈ മൂന്ന് സംഗതികളെയും അതിജീവിച്ച് നമ്മുടെ ഭാവനയെയും സത്യബോധത്തെയും സാംസ്കാരിക മൂല്യങ്ങളെയും നിലനിർത്തുന്നതിനായി കേരളത്തിൽ അങ്ങിങ്ങോളം പലയിടങ്ങളിലായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കൂട്ടായ്മകളുടെ ഒന്നാന്തരം ഉദാഹരണമാണ് ലിറ്റിൽ മാസികയുടെ ആഭിമുഖ്യത്തിലുള്ള ഈ കൂട്ടായ്മ. എല്ലായിടത്തും ഇത്തരം കൂട്ടായ്മകളില്ല. കീഴൊതുങ്ങുന്നവരാണ് അധികവും. മൃഗങ്ങൾ ഇരകളെ വലിച്ചിഴച്ചു കൊണ്ടുപോകും പോലെ രാഷ്ട്രീയവും മതവും മാധ്യമങ്ങളും ചേർന്ന് അവരുടെ പാട്ടിന് ജനതയെ വലിച്ചിഴച്ച് കൊണ്ടുപോകുമ്പോൾ അതിനു വഴങ്ങാതെ അല്പം സ്വാതന്ത്ര്യത്തോടെ സ്വന്തം മേധാശക്തി ഉപയോഗിച്ച് ചിന്തിക്കുകയും ജീവിതത്തെ പുനർവിചിന്തനം ചെയ്യുകയും ചെയ്യുന്ന ആളുകൾ കേരളത്തിൽ ഉണ്ടാകുന്നതുകൊണ്ടാണ് ഇന്ത്യാരാജ്യത്ത് ഭേദപ്പെട്ട ഒരിടമായി കേരളം നിലനിൽക്കുന്നത്. അതിജീവനപാതയിൽ ലിറ്റിൽ മാസികയ്ക്കും അപ്രധാനമല്ലാത്ത പങ്കുണ്ട്.

*(ലിറ്റിൽ ടാക്കീസ് ഹ്രസ്വചിത്ര നിർമ്മാണ സംരംഭത്തിന്റെ ഉദ്ഘാടനവേളയിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്)*



മൊഴിയാഴങ്ങൾ/ ഷൗക്കത്ത്

**അതിരുകളില്ലാത്ത ആകാശത്തെ സ്നേഹിക്കുന്നവർ അതിരുകൾക്കുള്ളിൽ ഭവനം പണിയില്ല.**

തുംഗനാഥിലെ ഉച്ചിയിലിരുന്ന് സ്വപ്നസമാനമായ ഹിമാവൃതമല നിരകളെ നോക്കി നിശ്ചലനായിരിക്കെ കാത്തുസൂക്ഷിച്ചിരുന്ന ആശയലോകങ്ങളെല്ലാം അഴിഞ്ഞുവീണു. നിർബന്ധബുദ്ധികളെല്ലാം എത്രമാത്രം ബലഹീനമെന്നറിഞ്ഞു. ജീവിതത്തെ കള്ളികളിലൊതുക്കുന്ന എല്ലാ വിഭാഗീയതകളിൽ നിന്നും ഉണർന്ന് ബോധം ഹിമകണം പോലെ വിനീതമായി. ഹിമാലയത്തിലെത്തുന്ന ഏതു സഹൃദയന്റെയും അനുഭവമാണിത്. അല്പനേരത്തേക്കെങ്കിലും ഇങ്ങനെയൊരവസ്ഥയറിയാതെ നാം മലയിറങ്ങില്ല. നമ്മെപ്പോലുള്ളവർക്കുപോലും ഇത്തരമനുഭവത്തിലൂടെ കടന്നുപോകാനാകുമെങ്കിൽ ജീവിതം തന്നെ പരംപൊരുളിനു മുന്നിൽ സമർപ്പിച്ചവരുടെ ലോകം എത്ര വിശാലമായിരിക്കും. അതിരുകളില്ലാത്ത ആകാശത്തിൽ വിരാജിക്കുന്ന അവരിൽ നിന്നും ഞങ്ങൾ, നിങ്ങൾ എന്ന വേർതിരിവുണ്ടാക്കുന്ന ഒന്നും തന്നെ സംഭവിക്കില്ല.


ഹജ്ജുമ്മയുടെ ജീവിതം

ഇങ്ങനെയും മനുഷ്യരുണ്ടോ എന്ന് ഒരുവേള നാം ശങ്കിച്ചു പോവും.

6

ഇതുപോലെയുള്ള സാധാരണക്കാരല്ലേ മഹാത്മാക്കളെന്ന് വിളിക്കപ്പെടാൻ അർഹർ?


# അസൂയ തോന്നുന്ന രണ്ടുപേർ

പ്രിയദർശൻ

**ആരോടും കാലുഷ്യമോ മത്സരമോ ഇല്ലാതെ ജീവിതത്തിലെ ഓരോ നിമിഷവും കുടുംബത്തോടും മണ്ണിനോടുമൊപ്പം ജീവിക്കുന്ന ഈ രണ്ടുപേരോടും എനിക്കിപ്പോൾ അസൂയയുണ്ട്**

ഇന്നെനിക്കു അമിതാഭ് ബച്ചനോടോ ഷാറൂഖ് ഖാനോടോ അസൂയയില്ല. അവരിൽ പലരെയും ദൈവം എന്റെ കൈപ്പാടകലെ കൊണ്ടുവന്നു നിർത്തിത്തന്നു. ഇപ്പോൾ എനിക്ക് അസൂയ രണ്ടുപേരോടാണ്; ഇന്നസെന്റിനോടും സത്യൻ അന്തിക്കാടിനോടും.ഞാനടക്കമുള്ള പലരും വലിയ വീടുവെച്ചും വലിയ കാറുകൾ വാങ്ങിയും ഓരോ ദിവസവും സ്വന്തം വിജയം കൊട്ടിഘോഷിക്കാൻ നോക്കുകയാണ്.

രണ്ടുവർഷം മുമ്പ് ഓണത്തിനു റിലീസ് ചെയ്യുന്ന ഒരു സിനിമയിലും ഇന്നച്ചൻ ഇല്ലായിരുന്നു. പണവുമായി വന്ന നിർമാതാക്കളോട് ഇന്നച്ചൻ പറഞ്ഞു, എനിക്കെന്റെ പേരക്കുട്ടികളെ കളിപ്പിക്കണം.

സത്യൻ വർഷം ഒരു സിനിമയേ മിക്കപ്പോഴും ചെയ്യൂ. 40 ലക്ഷത്തോളം രൂപ പാർട്ണർഷിപ് സിനിമാ ഓഫറുമായി വന്ന നിർമാതാവിനോട് സത്യൻ പറഞ്ഞു, ‘കച്ചവടം എന്റെ തൊഴിലല്ല. അതുകൊണ്ടു പണവും വേണ്ട. ഒരു സിനിമ കഴിഞ്ഞാൽ സുഖമായി കുറച്ചു വായിക്കണം, പറമ്പിൽ പോണം, സുഹൃത്തുക്കളുമായി പരദൂഷണം പറയണം, വാഴവെയ്ക്കണം, മാങ്ങ പറിക്കണം, കുട്ടികളുടെ കൂടെ യാത്ര നടത്തണം.’ ഇതിനൊക്കെ വേണ്ടി നാൽപതു ലക്ഷം രൂപ ഉപേക്ഷിക്കാൻ എത്രപേർക്കു കഴിയും.പണവും പ്രശസ്തിയും പുറകെ വിളിക്കുമ്പോൾ പതറാത്ത മനസ്സുമായി നിൽക്കുന്നിടത്തോളം വലിയ ത്യാഗം വേറെയില്ല. ആ ത്യാഗത്തിനു ശ്രമിച്ചാൽ എനിക്കടക്കം പലർക്കും അവസാന നിമിഷം വരുമ്പോൾ കൈവിറയ്ക്കും. ആ പണവും കൂടി പോരട്ടെ എന്നു തോന്നും. സത്യൻ അടുത്ത കാലം വരെ മാരുതി കാറിലാണ് സഞ്ചരിച്ചിരുന്നത്. എന്റെ ആത്മാഭിമാനം ഒരിക്കലും ഇത്രയും ചെറിയൊരു കാറിൽ സഞ്ചരിക്കാൻ എന്നെ അനുവദിക്കില്ല. ഞാനടക്കമുള്ള പലരും നടത്തുന്നത് ഓരോ നിമിഷവും സമ്പാദിച്ചുകൂട്ടാനും കിട്ടിയ സൗകര്യങ്ങൾ കൈവിട്ടു പോകാതിരിക്കാനുമുള്ള നെട്ടോട്ടമാണ്. പലരും മുന്നിൽ കടന്നുപോകുമെന്ന പേടിയുണ്ട്; പലരോടും അറിയാതെ വളർന്നൊരു പകയുമുണ്ട്.

ആരോടും കാലുഷ്യമോ മത്സരമോ ഇല്ലാതെ ജീവിതത്തിലെ ഓരോ നിമിഷവും കുടുംബത്തോടും മണ്ണിനോടുമൊപ്പം ജീവിക്കുന്ന ഈ രണ്ടുപേരോടും എനിക്കിപ്പോൾ അസൂയയുണ്ട്. ഇവരോടു സംസാരിക്കുമ്പോഴാണു ഞാൻ പലപ്പോഴും പഴയ പ്രിയദർശനാകുന്നത്. ഇന്ത്യൻ കോഫി ഹൗസിലെ ദാരിദ്ര്യം പോലും എനിക്കു തന്നിരുന്ന സുഖവും സ്വപ്നവും എത്ര വലുതാണെന്ന് എനിക്കു മനസ്സിലാകുന്നത്. ഏതു തിരക്കുകൾക്കിടയിലും സുഖത്തിന്റെ തുരുത്തുകളുണ്ടെന്ന് ഇവർ എന്നെ പഠിപ്പിക്കുന്നു.

എനിക്കൊരിക്കലും സത്യനോ ഇന്നസെന്റോ ആകാനാവില്ല. ഞാൻ പ്രിയദർശൻ തന്നെയായി ജീവിക്കും. അവരെപ്പോലെ ത്യാഗപൂർവ്വം വിട്ടുകൊടുക്കാനും എനിക്കാകുമെന്നു തോന്നുന്നില്ല. പക്ഷേ, ഞാനും സ്വപ്നം കാണുന്നു തണൽ വിരിച്ച പറമ്പിലൂടെ വാഴയ്ക്കു വെള്ളം തിരിച്ചുവിട്ടു വെള്ളച്ചാലിലൂടെ നടക്കുന്നതും മാവു പൂത്തതു പേരക്കുട്ടികൾക്കു കാണിച്ചുകൊടുക്കുന്നതും നിറയെ പുസ്തകങ്ങളുള്ള ലൈബ്രറിയിൽ പുസ്തകങ്ങളുടെ ഗന്ധം ആസ്വദിച്ചുറങ്ങുന്നതുമെല്ലാം. സുഖമെന്നു നാം കരുതുന്ന പലതും ത്യജിച്ചുകൊണ്ട് ഇന്നസെന്റും സത്യനും സമാധാനത്തിന്റെ വിശാലമായ പുൽമേടുകളിലൂടെ നടന്നുപോകുന്നത് എന്നെ ഇപ്പോഴും അസ്വസ്ഥനാക്കുന്നു. സിനിമാ ജീവിതത്തിൽ എന്നെ അസൂയപ്പെടുത്തുന്നത് ഇവർ മാത്രമാണ്.



*മലയാള മനോരമ*





## പ്രതികരണം

### വോഡഫോൺ കമ്പനിയുടെ വൃക്ഷ സ്നേഹം പരസ്യതട്ടിപ്പ്

വോഡഫോൺ കമ്പനിയുടെ വൃക്ഷസ്നേഹത്തെക്കുറിച്ച് ലിമ 127-ലെ ഗ്രീൻ നോട്ട്സിൽ വായിച്ചു. ഇത്തരം വാർത്തകൾ കൊടുക്കുമ്പോൾ കൃത്യമായ നിലപാടുകൾ പുലർത്തുന്ന മാസിക അല്പം ജാഗ്രത കാണിക്കണമായിരുന്നു. വോഡഫോൺ പോലെയുള്ള കമ്പനികൾ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് വൃക്ഷസ്നേഹം കൊണ്ടൊന്നുമല്ല എന്ന് അന്വേഷിച്ചാൽ ബോധ്യപ്പെടും. പൊതുനിരത്തിന്റെ വശങ്ങളിൽ പരസ്യബോർഡുകൾ സ്ഥാപിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചതുരശ്ര അടിക്ക് നിശ്ചിത ചാർജ് കണക്കാക്കി കാശ് കൊടുക്കണം. അതൊഴിവായി കിട്ടുന്നതിന് വൻകിട കമ്പനികൾ കണ്ട സൂത്രമാണ് തെരുവുവിളക്കുകൾ, സൈൻ ബോർഡുകൾ, മരങ്ങൾക്ക് ചുറ്റുവേലി തുടങ്ങിയ പദ്ധതികൾ. മരം നട്ട് ചുറ്റുവേലിയായി സ്വന്തം പരസ്യം വെക്കുമെന്നല്ലാതെ അതിന് വെള്ളമൊഴിക്കാനോ, ഉണങ്ങാതെ പരിപാലിക്കാനോ കമ്പനിക്കാർ ശ്രദ്ധിക്കാറില്ല. വലിയ പാലങ്ങൾക്കു മുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പേരിൽ സ്വന്തം പരസ്യങ്ങൾ തൂക്കുന്ന കമ്പനിക്കാരും, ലാംപ് ഫ്യൂസായാലും പരസ്യങ്ങൾ പരിപാലിക്കും. ചുരുക്കത്തിൽ സേവനങ്ങളുടെ മറവിൽ നടത്തുന്ന സൗജന്യ പരസ്യതട്ടിപ്പുകളാണ് ഇവയെല്ലാം.

**-ഗിരീഷ്. ഡി.**

### ഗിരിശൃംഗങ്ങളിൽ ഇരിക്കുന്ന അല്പൻമാർ

എന്റെ വീടിന്റെ സിമന്റ് തേപ്പ് സ്വയം ചെയ്യുന്നതിനെക്കുറിച്ച് ചിന്തിക്കുന്ന സമയത്താണ് ലിറ്റിൽ മാസിക 127-ാം ലക്കം 'ഡു ഇറ്റ് യുവർസെൽഫ്' തത്വശാസ്ത്രവുമായി എത്തുന്നത്. അതോടെ എനിക്ക് ആത്മവിശ്വാസം കൈവന്നു. വളരെ പ്രസക്തമായ ഇത്തരം വിഷയങ്ങളിലേക്ക് എങ്ങനെയാണ് നിങ്ങൾ എത്തിച്ചേരുന്നത്? അക്കുവിന്റെ കുടജാദ്രിയുടെ വിപരീതാനുഭവം നന്നായി. ഗിരിശൃംഗങ്ങളിൽ ഇരിക്കുന്ന ഇത്തരം അല്പൻമാരെ കുറിച്ചാലോചിച്ചപ്പോൾ ലജ്ജ തോന്നുന്നു.

**-ആർട്ടിസ്റ്റ്. വി.കെ. ശങ്കരൻ, വാലില്ലാപ്പുഴ, അരീക്കോട.**

### സ്പേസ് ധൂർത്തടിക്കരുതേ..

127-ാം ലക്കത്തിൽ ഡു ഇറ്റ് യുവർസെൽഫ് വായിച്ചപ്പോഴാണ് ലിറ്റിൽ മാസിക ലേ-ഔട്ടും മറ്റു വർക്കുകളും സ്വന്തം ചെയ്യാൻ ഇപ്പോൾ മാത്രമേ തുടങ്ങിയിട്ടുള്ളൂ എന്ന് മനസ്സിലാകുന്നത്. നിങ്ങളുടെ ടീമിന് എപ്പഴോ ഇക്കാര്യത്തിൽ സ്വയം പര്യാപ്തമാകാമായിരുന്നു. ലിമാ ലേ-ഔട്ട് ആകർഷകമാണ്. എന്നാൽ ലേ-ഔട്ട് ഭംഗിയാക്കുന്നതിനുവേണ്ടി ഇത്രയൊക്കെ സ്പേസ് വെറുതെ കളയണോ? ചെറിയ ഫോണ്ടുകളിൽ കുത്തിക്കൊള്ളിച്ചുകൊടുക്കുന്ന ലിറ്റിൽ മാസികയുടെ പഴയ ശൈലിയാണ് നല്ലത്. വൻകിടക്കാർ ചെയ്യുന്നപോലെ ചിത്രങ്ങളും മറ്റും വലുതാക്കിക്കൊടുത്ത് അല്പം പോലും സ്പേസ് ധൂർത്തടിക്കരുതേ..

**- മാധവൻ, അറ്റ്ലസ് സ്റ്റുഡിയോ,അരീക്കോട**

### ഡു ഇറ്റ് യുവർസെൽഫ് വളരെ പ്രസക്തമായി

ഡു ഇറ്റ് യുവർസെൽഫ് വളരെ പ്രസക്തമായി. ടി. ജെ.എസ്. ജോർജിന്റെ എൻഡോസൾഫാൻ നിലപാടുകളെ കുറിച്ചുള്ള കുറിപ്പ് മൂർച്ചയുള്ളതും കൃത്യതയുള്ളതുമായി. അക്കുവിന്റെ ലളിതപാഠങ്ങളിലെ കുടജാദ്രി അനുഭവം ഹൃദയസ്പർശിയായി. കുടജാദ്രിയിൽ നിന്ന് ഇറങ്ങിപ്പോകാതെ അന്നവിടെ തങ്ങുകയായിരുന്നു വേണ്ടിയിരുന്നതെന്ന് തോന്നി

**-പി.പി. സുരേഷ്കുമാർ, കാരക്കുന്ന**

### ലിറ്റിൽ മാസിക കൂട്ടായ്മകൾ

ലിറ്റിൽ മാസിക പ്രതിനിധാനം ചെയ്യുന്ന ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന കൂട്ടായ്മകൾ ഉണ്ടാകുന്നത് നന്നാകും. ഞാനും സഹകരിക്കാം.

**-ഒ.പി. സുരേഷ്**

### മണിപ്പൂരിൽ നിന്ന് ഡൽഹിയിലേക്കുള്ള ദൂരം.


ലിറ്റിൽ മാസിക ഏപ്രിൽ ലക്കം വായിച്ചു. മണിപ്പൂരിൽ നിന്ന് ഡൽഹിയിലേക്കുള്ള ദൂരം.. ഒരു നല്ല ചോദ്യം! കുരുവികൾക്കായുള്ള ദിവസത്തെ പരിചയപ്പെടുത്തിയത് നന്നായി. വീട്, ചരിത്രം... വായനക്കാരെ ഹൃദയം കൊണ്ട് സമീപിച്ച രീതി അഭിനന്ദനാർഹം!


**-ഷിജു ഖാൻ, മുൻ സിണ്ടിക്കേറ്റ് മെമ്പർ, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം**

---

### ആവിയന്ത്രം വായിച്ചോ?

**35 രൂപ ലിറ്റിൽ മാസികയുടെ വിലാസത്തിൽ അയക്കുക**







വിനയ് പോപാൽജി

ഹരിതചിന്ത-


## വെറുതെ വളർത്തുന്ന പശു

**ഷിനോ ജേക്കബ് കൂറ്റനാട്**

കാലിവളർത്തൽ സ്റ്റാറ്റസ് ഉള്ള പണിയൊന്നുമല്ല. ലാഭം ഇല്ലാതെ ഒരു മൃഗത്തെ വളർത്തുക എന്നത് ഇക്കാലത്ത് പൊട്ടത്തരം തന്നെയാണ്. കാലം മാറിയാൽ എന്താകുമോ എന്തോ.. ഞാൻ പരിചയപ്പെട്ട ഒരാൾ ഒരു പശുവിനെ വെറുതെ വളർത്തുന്നു. തറവാട് ഭാഗം വെയ്ക്കുന്ന സമയത്ത് ആർക്കും വേണ്ടാതെ അറവുകാരന് കൊടുക്കാൻ നിർത്തിയിരുന്നു ആ പശുവിനെ. എന്നാൽ ഈ മനുഷ്യൻ പശുവിനെ താൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലേക്ക് കൊണ്ടുവന്ന് ഇപ്പോഴും പോറ്റിക്കൊണ്ടിരിക്കുന്നു.

ഞാങ്ങാട്ടിരി മഹർഷി വിദ്യാലയത്തിന്റെ മാനേജർ ശ്രീ. വിനയ് പോപാൽജിയാണ് ആ മനുഷ്യൻ.

കാലം മറുപടി പറയട്ടെ.. അല്ല പറയുക തന്നെ ചെയ്യും... ലാഭം കിട്ടിയാൽ മനുഷ്യനേയും കൊല്ലുന്ന കറുത്തകാലം പോയല്ലേ മതിയാവൂ.



**വിനയ് പോപാൽജി താൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലേക്ക് കൊണ്ടുവന്ന് ഇപ്പോഴും പോറ്റിക്കൊണ്ടിരിക്കുന്ന കറവ വറ്റിയ പശു.**

വാർത്ത

## മൊബൈൽ ഫോണും കാൻസറും

മൊബൈൽ ഫോണിൽ നിന്നുള്ള റേഡിയേഷൻ കാൻസറിന് കാരണമാവുമെന്ന് ലോകാരോഗ്യ സംഘടനയുടെ പഠനം. ഗ്ലിയോമാ എന്ന മസ്തിഷ്ക അർബുദം വരാനുള്ള സാധ്യത മോബൈൽഫോൺ ഉപയോഗത്തിലൂടെ കൂടുതലാണത്രേ.

ലോകത്ത് മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരുടെ എണ്ണം അഞ്ച് മില്യൻ ആയിരിക്കുന്നു. വയർലെസ് ആശയവിനിമയ മാർഗങ്ങളിൽ പെടുന്ന മൊബൈൽ ഫോൺ ഉപയോഗിക്കുമ്പോൾ ഉണ്ടാവുന്ന റേഡിയേഷൻ, റേഡിയോ ഫ്രീക്വൻസി ഇലക്ട്രോ മാഗ്നറ്റിക് തരംഗങ്ങൾ തലച്ചോറിനെ ബാധിക്കുന്ന ക്യാൻസറിന് നിമിത്തമാവുമെന്നതിന് തെളിവുകളുമായി വന്നിരിക്കുന്നത് ലോകാരോഗ്യ സംഘടനയും ക്യാൻസറിനെക്കുറിച്ച് ഗവേഷണം നടത്തുന്ന അന്തർദേശീയ സംഘടനയുമായ IARC യുമാണ്.

മൊബൈൽ ഫോൺ റേഡിയേഷൻ ക്യാൻസറിന് കാരണമാവുമെന്നതിന് തെളിവുകൾ ലഭ്യമായ സാഹചര്യത്തിൽ മൊബൈൽ ഫോൺ വിവേചനപൂർവ്വമായി ഉപയോഗിക്കണമെന്ന് IARC ഡയറക്ടർ ക്രിസ്റ്റഫർ വൈൽഡ് പറയുന്നു. നേരിട്ടുള്ള സമ്പർക്കം പരമാവധി കുറയ്ക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനും ടെക്സ്റ്റുകൾ (മെസ്സേജുകൾ) ഉപയോഗിച്ചുള്ള ആശയവിനിമയങ്ങൾ സ്വീകരിച്ചും ഈ പുതിയ വെല്ലുവിളിയെ നേരിടണമെന്നും അദ്ദേഹം പറയുന്നു

## നിത്യജീവിതത്തിലെ മൊബൈൽ: പ്രസക്തമായ ചില തീരുമാനങ്ങൾ

1. കുട്ടികൾക്ക് ഉപയോഗിക്കാൻ മൊബൈൽ ഫോൺ നൽകാതിരിക്കുക. മൊബൈൽ മാതൃകയിലുള്ള കളിപ്പാട്ടം നൽകുന്നതും ക്രമേണ അതിന്റെ യഥാർത്ഥ രൂപത്തിലുള്ളത് ഉപയോഗിക്കുന്നതിലേക്ക് അവരെ നയിച്ചേക്കാം.
2. ഇയർഫോൺ ഉപയോഗിച്ചും ലൗഡ് സ്പീക്കർ ഉപയോഗിച്ചും നേരിട്ടുള്ള സമ്പർക്കം പരമാവധി കുറയ്ക്കാം.
3. ഫോൺ ഉപയോഗത്തിൽ അത്യാവശ്യം, അത്ര ആവശ്യമല്ലാത്തത്, ഒഴിവാക്കാനാവുന്നത് എന്നിങ്ങനെയുള്ള മുൻഗണനാക്രമം പാലിക്കുക.
4. ടെക്സ്റ്റ് മെസ്സേജിംഗിന്റെ സാധ്യത ഉപയോഗിക്കുക.
5. ഇടയ്ക്കെങ്കിലും മൊബൈൽ ഫ്രീ മോഡ് ശീലമാക്കുക. ഇത്തരം പ്രായോഗിക ആശയങ്ങൾ പരസ്പരം പങ്കുവെയ്ക്കുക.



### ഏറ്റവും ദരിദ്രനായ, നിസ്സഹായനായ മനുഷ്യന്റെമുഖം

ഞാൻ നിങ്ങൾക്കൊരു രക്ഷ കെട്ടിത്തരാം. നിങ്ങൾ സംശയഗ്രസ്ഥനാകുമ്പോഴോ അഹന്ത നിങ്ങളിൽ അതിരു കവിയുമ്പോഴോ ഈ ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി. നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ദരിദ്രനായ, നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കൽപിച്ചുനോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാൻ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക. അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ? അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും നിയന്ത്രണമുണ്ടാക്കിക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ഭൗതികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിനാളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ? അപ്പോൾ സംശയങ്ങൾ ഇല്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും. -ഗാന്ധിജി

# ഹജ്ജുമ്മയുടെ ജീവിതം

നൗഷാദ് ചാത്തല്ലൂർ

**കോഴിക്കോട് ചേവായൂരിൽ കുഷ്ഠരോഗികളെ ചികിത്സിക്കുന്ന ആശുപത്രിയിലും സമീപത്തെ കുഷ്ഠരോഗികൾ മാത്രം താമസിക്കുന്ന കോളനിയിലും നിത്യേനയെന്നോണം സാന്ത്വനങ്ങളും സഹായങ്ങളും നൽകി ന്ദർശനം നടത്തുന്നഫാത്തിമത്ത് ഹജ്ജുമ്മക്കുറിച്ച്....**



കൊണ്ടോട്ടി ഒഴുകൂർ സ്വദേശിയായ ഫാത്തിമത്ത് ഹജ്ജുമ്മ മദർ തെരേസയെക്കുറിച്ചോ ഫാദർ ദാമിയനെക്കുറിച്ചോ കേട്ടിട്ടില്ല. അശരണർക്കും അനാഥർക്കും കുഷ്ഠരോഗികൾക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഈ മഹദ്വ്യക്തിത്വങ്ങൾ ഫാത്തിമത്തിന് പ്രചോദനവും ആയിട്ടില്ല. കോഴിക്കോട് കല്ലായി പുഴയുടെ പാലത്തിനു താഴെ ചെറിയ ഒരു വീട്ടിൽ താമസിക്കുന്ന ഈ എൺപതുകാരി അഞ്ചുനേരത്തെ നമസ്കാരം കൃത്യതയോടെ നിർവഹിച്ച് വീടിന്റെ ഒരു മൂലയിൽ ഒതുങ്ങിയിരിക്കാൻ തയ്യാറല്ല. നമസ്കാരങ്ങൾക്കും മതകർമ്മങ്ങൾക്കുമപ്പുറം അതിലും എത്രയോ പുണ്യമെന്നു തനിക്ക് തോന്നുന്ന കാര്യങ്ങൾ ചെയ്യാനാണ് ഹജ്ജുമ്മയുടെ ശ്രമം. ഈ കാലത്ത് ഇത്ര മാത്രം പരിശുദ്ധമായ മനസ്സും സേവനസന്നദ്ധതയും ഹജ്ജുമ്മയിൽ മാത്രമെ കാണാൻ കഴിയൂ എന്ന് ഈ ജീവിതം കാണുമ്പോൾ നാം അതിശയിക്കുക തന്നെ ചെയ്യും. ഇങ്ങനെയും മനുഷ്യരുണ്ടോ എന്ന് ഒരുവേള നാം ശങ്കിച്ചുപോവും.

ആരിൽ നിന്നും പ്രചോദനമോ പ്രേരണയോ കൂടാതെ സ്വന്തമായി എടുത്ത ചില തീരുമാനങ്ങളും ജീവിതരീതിയും ഹജ്ജുമ്മയ്ക്കുണ്ട്. കോഴിക്കോട് ചേവായൂരിൽ കുഷ്ഠരോഗികളെ ചികിത്സിക്കുന്ന ആശുപത്രിയിലും സമീപത്തെ കുഷ്ഠരോഗികൾ മാത്രം താമസിക്കുന്ന കോളനിയിലും നിത്യേനയെന്നോണം സാന്ത്വനങ്ങളും സഹായങ്ങളും നൽകി സന്ദർശനം നടത്തുന്നത് സ്വന്തം മനസ്സിന്റെ പ്രേരണ കൊണ്ടു മാത്രമാണ്.

കോഴിക്കോട് ചേവായൂരെ സർക്കാർ കുഷ്ഠരോഗാശുപത്രി, ജീവിതം തന്നെ മടുത്തുപോയ കുറേ നിരാശ്രരരായ മനുഷ്യരുടെ കൂടാരമാണ്. കുഷ്ഠരോഗം ബാധിച്ച് കൈകാലുകളും മറ്റും വികൃതമായി ആശുപത്രിക്കിടക്കയിൽ കിടക്കുന്ന രോഗികളുടെ കണ്ണുകളിൽ തന്നെ അവർ അനുഭവിക്കുന്ന ഒറ്റപ്പെടലും വേദനയും കാണാൻ കഴിയും. രോഗം ആർഭാടപൂർവ്വം ആഘോഷിക്കുന്ന പഞ്ചനക്ഷത്ര ആശുപത്രികൾ നിരവധിയുള്ള നഗരമാണ് കോഴിക്കോട്. രോഗികളെ കാണാനും പരിചരിക്കാനുമൊക്കെയായി ഈ ആശുപത്രികളിൽ ആളുകൾ തിക്കിത്തിരക്കുമ്പോൾ പലപ്പോഴും ഉത്സവപ്രതീതിയാണ് ഉണ്ടാകുന്നത്. എന്നാൽ ചേവായൂരിലെ ഈ ആശു

## സിറ്റിസൺ ജേർണലിസ്റ്റ്

ലിറ്റിൽ മാസികയ്ക്കുവേണ്ടി മൂന്ന് ലക്കങ്ങളായി മൂന്ന് വ്യത്യസ്തരായ സാധാരണക്കാരെ പരിചയപ്പെടുത്തിയ നൗഷാദ് ചാത്തല്ലൂർ ഒരു സിറ്റിസൺ ജേർണലിസ്റ്റാണ്. തൊഴിൽപരമായി പുസ്തക വിൽപ്പനക്കാരനായ നൗഷാദ് പുസ്തകങ്ങളുമായി നാടുമുഴുവൻ അലഞ്ഞുതിരിയുമ്പോൾ കാണുന്ന കാഴ്ചകൾ പക്ഷേ വ്യത്യസ്തമാണ്. സ്വന്തം ശാരീരിക വൈകല്യത്തോടും സാമ്പത്തികപരാധീനതകളോടും ആണ് നൗഷാദിന്റെ ആദ്യ കലഹങ്ങൾ. ലിറ്റിൽ മാസികയുടെ 100-ാം പതിപ്പിൽ മഹത്തായ ജീവിതം നയിക്കുന്ന സാധാരണക്കാരൻ എന്ന വിഭാഗത്തിൽ നൗഷാദിനെ പരിചയപ്പെടുത്തിയിരുന്നു. ലഭ്യമായ സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് പ്രത്യേകമായി യാതൊരു പരിശീലനവും കൂടാതെ വിഷയങ്ങളെ സമീപിച്ച് റിപ്പോർട്ട് തയ്യാറാക്കുന്ന സാധാരണ പൗരൻമാരാണ് സിറ്റിസൺ ജേർണലിസ്റ്റുകൾ എന്നറിയപ്പെടുന്നത്.

നമ്മുടെ കൂടെ നമ്മളിലൊരാളായി ജീവിക്കുന്ന മഹാജീവിതങ്ങളിലേക്ക് നമ്മുടെ കാഴ്ചകളെ ആനയിക്കുന്ന നൗഷാദ് ഈ ലക്കം പരിചയപ്പെടുത്തുന്നത് അസാധാരണമായ സേവനസന്നദ്ധതയും ദീനാനുകമ്പയും, മനസ്സിന്റെ വലുപ്പവും കൊണ്ട് അതിശയിപ്പിക്കുന്ന ഫാത്തിമത്ത് ഹജ്ജുമ്മ എന്ന വയോധികയെയാണ്.

ദയവായി എഴുതുക നമുക്കുചുറ്റും ജീവിക്കുന്ന സാധാരണക്കാരായ മഹാത്മാക്കളെക്കുറിച്ച്. അവരെക്കുറിച്ചാണല്ലോ വലിയവരുടെ ലോകം ഒന്നും പറയാതിരിക്കുന്നത്.

*- എഡിറ്റോറിയൽ ടീം*

പത്രിയിൽ സന്ദർശകരുടെ തിരക്കലുകളോ, ബന്ധുക്കളുടെ പരക്കം പാച്ചിലുകളോ, സന്ദർശക പാസ്സോ ഇല്ല.

ഇവിടെ ഇങ്ങനെയൊരു ആശുപത്രി ഉണ്ട് എന്നുപോലും പലരും മനസ്സിലാക്കുന്നില്ല. ഇവിടെയും കുറെ മനുഷ്യരുണ്ട്. കാലങ്ങളായി ചികിത്സയിൽ കഴിയുന്ന ആരോരുമില്ലാത്ത സമൂഹം, അടുത്ത് വന്ന് നോക്കാൻപോലും മടിക്കുന്ന, കുഷ്ഠരോഗികൾ എന്ന് സമൂഹം വിളിക്കുന്ന എന്നാൽ മനസ്സിന് രോഗം ബാധിക്കാത്ത കുറേ നല്ല മനുഷ്യർ ഇവിടെയുണ്ട്.. ഇവർക്കിടയിലാണ് ഫാത്തിമത്ത് ഹജ്ജുമ്മ എത്തുന്നത്. രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും പ്രിയപ്പെട്ടവരാണ് ഹജ്ജുമ്മ. ചേവായൂരിലും കല്ലായിയിലും സുപരിചിതയായ ഹജ്ജുമ്മ 40 വർഷം മുമ്പ് തന്റെ ഭർതൃസഹോദരിയായ മറിയക്കുട്ടിയുടെ ചികിത്സയ്ക്കുവേണ്ടിയാണ് ആദ്യമായി ഇവിടെ എത്തുന്നത്. മറിയക്കുട്ടിയെ പരിചരിക്കുന്നതുപോലെ അവർ മറ്റുള്ളവരെയും പരിചരിക്കുകയും സഹായിക്കുകയും ചെയ്തു. ദൈവത്തിന്റെ പുണ്യം ധാരാളം ലഭിക്കാൻ അശരണരായ ഇവർക്ക് സഹായം ചെയ്യുന്നതിനപ്പുറം മറ്റൊന്നില്ല എന്ന് ഹജ്ജുമ്മയ്ക്കു മനസ്സിലായി. അന്നുമുതൽ ഇന്നുവരെ ഹജ്ജുമ്മ ഇവിടെയുണ്ട്. എല്ലാ സുഖങ്ങൾ ഉണ്ടായിട്ടും തമ്മിൽ സഹകരിക്കാത്ത, പരസ്പരം പോരടിക്കുന്ന സഹോദരിമാർക്കും നാത്തൂൻമാർക്കും വരെ ഹജ്ജുമ്മ ഒരു മാതൃകയാവുകയാണ്.

ജാതിമതഭേദമന്യേ രോഗികളെ പരിചരിക്കുന്നതും സുമനസ്സുകളുടെ സഹായത്താൽ സഹായമെത്തിക്കുന്നതും യാതൊരു പ്രതിഫലേച്ഛയും കൂടാതെയാണ്. രോഗത്തിനും രോഗികൾക്കും ജാതിയില്ലെന്നും അവരെ മനുഷ്യരായി കാണണമെന്നും പറയുന്ന ഹജ്ജുമ്മ പ്രസംഗിക്കാൻ ആളുകൾ അധികമാണെന്നും പക്ഷേ അത് പ്രാവർത്തികമാക്കാൻ ആളുകളില്ലെന്നും കൂടി പറയുന്നു. രോഗികൾക്ക് കഴിയുന്ന സഹായങ്ങൾ നൽകാനും സാന്ത്വനിപ്പിക്കാനും ഓരോരുത്തരോടും ആഹ്വാനം ചെയ്യുന്ന മുഹമ്മദ് നബിയുടെ ചര്യയാണ് പിൻപറ്റാൻ ശ്രമിക്കുന്നതെന്നും അതിനാൽ ഏത് ജാതിയിൽ പെട്ട കുഷ്ഠരോഗികളായ സ്ത്രീകൾ മരിച്ചാലും താൻ തന്നെയാണ് കുളിപ്പിക്കുന്നതെന്നും ഹജ്ജുമ്മ അഭിമാനത്തോടെ പറയുന്നു. പലപ്പോഴും കുടുംബങ്ങൾ ബഹിഷ്കൃതരാക്കിയ കുഷ്ഠരോഗികൾ മരണപ്പെടുന്ന സമയത്തുപോലും തിരിഞ്ഞുനോക്കാത്ത ബന്ധുക്കളാണ് കൂടുതലും. അതുപോലെ മരണാസന്നമാവുന്ന സമയത്തും ഹജ്ജുമ്മ അവിടെ ഓടിയെത്തി അന്ത്യകർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നു. സമൂഹത്തിൽ കൂടുതൽ വിഷമതകൾ അനുഭവിക്കുന്നവർക്ക് സഹായം നൽകുമ്പോൾ ദൈവത്തിന്റെ സഹായവും കൂടുതൽ നമുക്കുണ്ടാവും എന്ന് ഹജ്ജുമ്മ ഓർമ്മിപ്പിക്കുന്നു. ഈ പാവം രോഗികളുടെ പ്രാർത്ഥന കൊണ്ടായിരിക്കാം അവർക്ക് സഹായമെത്തിക്കുന്നതിന് ഈ എൺപതാം വയസ്സിലും ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതെ ജീവിച്ചുപോവുന്നതെന്നും അവർ പറയുന്നു.

ഹജ്ജുമ്മയുടെ മക്കളും പേരമക്കളും നാട്ടുകാരും സാമൂഹ്യപ്രവർത്തകരുമെല്ലാം അവർക്ക് പ്രോത്സാഹനവുമായി ഉണ്ട്. ഡോ: ഫസൽ ഗഫൂർ, ഇപ്പോഴുള്ള കോഴിക്കോട് കളക്ടറുമെല്ലാം ഹജ്ജുമ്മയ്ക്കു പ്രോത്സാഹനം നൽകുന്നു. എന്നാൽ ചിലരുടെ ചോദ്യം ഹജ്ജുമ്മയിൽ വേദനയുണ്ടാക്കുന്നു. "നിങ്ങൾ രോഗികളുടെ അടുത്ത് നിന്നാണോ വരുന്നത്?" അവരോട് ഹജ്ജുമ്മ പറയും. "അവരും നമ്മളെ പോലുള്ള മനുഷ്യരാണ്" ലിറ്റിൽ മാസികക്കുവേണ്ടിയുള്ള ഒരു അഭിമുഖമാണ് എന്നു പറഞ്ഞപ്പോൾ ഹജ്ജുമ്മ പറഞ്ഞത് ഇങ്ങനെയാണ്:

"ഞാൻ ഇതിന് അനുമതി നൽകാൻ കാരണം ഇത് വായിക്കുന്നവർക്ക് കുഷ്ഠരോഗികളോടുള്ള മനോഭാവത്തിൽ ചെറിയ ഒരു മാറ്റമുണ്ടായി അവരെ ഒന്ന് സന്ദർശിക്കാനെങ്കിലും കാരണമാവുമല്ലോ എന്ന പ്രതീക്ഷയിലാണ്."

ഫാത്തിമത്ത് ഹജ്ജുമ്മ സന്ദർശകർ ആശുപത്രിയിൽ വരുന്നതും കാത്തിരിക്കുന്ന കുഷ്ഠരോഗികൾക്കായ് ജീവിതം സമർപ്പിച്ചും കൊണ്ട് ആശുപത്രിയിലെവിടെയോ ഓടി നടക്കുന്നുണ്ട് സാന്ത്വനവാക്കുകളുമായി.

ഒരു സാധാരണ മനുഷ്യന് എത്രത്തോളം ഉയരാം എന്നതിന്റെ ദൃഷ്ടാന്തമാണ് ഫാത്തിമത്ത് ഹജ്ജുമ്മയുടെ ജീവിതം. ഇതുപോലെയുള്ള സാധാരണക്കാരല്ലേ മഹാത്മാക്കളെന്ന് വിളിക്കപ്പെടാൻ അർഹർ?

**ഹജ്ജുമ്മയുടെ ഫോൺ നമ്പർ: 9947304441**

## രണ്ട് കുറിപ്പുകൾ

**നടരാജൻ ബോണക്കാട്**

# കരിയിലയനക്കങ്ങൾ



മുറ്റത്ത് കരിയിലയനക്കം. ആരോ.. നോക്കുമ്പോൾ രാവിലെ തിരുമ്മിക്കളഞ്ഞ തേങ്ങ ചാഞ്ഞും ചെരിഞ്ഞും കൊത്തിത്തിന്നുന്ന ബലിക്കാക്ക.. -എവിടെയായിരുന്നെടാ രണ്ടു കന്നുനാൾ നീ? കണ്ടങ്കത്തിരിക്ക് വെള്ളമൊഴിക്കുമ്പോൾ കണ്ടു-ഏക്കത്തോടെ അതും നോക്കി വിങ്ങിപ്പൊട്ടി നിൽക്കുന്ന, ഒരിക്കലും ആരുടെയും നോട്ടമേൽക്കാത്ത, നാളും പേരുമില്ലാത്ത പാവം ഏതാനും കുഞ്ഞു കളച്ചെടികൾ...
-പിണങ്ങണ്ട, ഇതാ നിങ്ങൾക്കും ഇത്തിരി. കിണറ്റിൻകരയിൽ വെള്ളം ചൂടാക്കാൻ കൂട്ടിയിട്ടിരുന്ന പൊരിയണിയിലകളിൽ പെട്ടെന്ന് കലപില... പതിവായെത്തുന്ന കോഴികളായിരിക്കും, എല്ലാം ഇപ്പോൾ നാനാവിധമാക്കും... അവയെ ശാസിക്കാൻ വേണ്ടി പുറത്തേക്ക് ചാടിയപ്പോൾ-
മാടപ്രാവുകളുടെ മൺരൂപങ്ങൾ പോലെ, ചിതറിയ കളകൂജനങ്ങളുടെ കുറേ കരിയിലക്കിളികൾ... അവരോടെന്തു പറയാൻ!

# കോലാഹലമേട്

പെട്ടെന്ന് എല്ലാവരും സംഗീതപ്രിയരായിരിക്കുന്നു. ബിഗ് സ്ക്രീനിൽ നിന്ന് മിനി സ്ക്രീനിലേക്ക്... ക്രിക്കറ്റിൽ നിന്ന് ഫോൺ സ്ക്രീനിലേക്ക് (അവിടെയും ഇവിടെയും അതിൻമേൽ തുറിച്ചുനോക്കി ഏറെ നാളായി..)
ഇപ്പോൾ തെരുവുകൾ കോലാഹലമേടുകൾ.. നെടുനീളത്തിൽ, ചിലമ്പിയ ഒച്ചയിൽ, മൊബൈൽ പാട്ടുകൾ... ഞണുങ്ങിയ സംഗീതം..



# സ്ത്രീകൾ സൈക്കിൾ ചവിട്ടിയാൽ

പി. സായ്നാഥ്

## സ്ത്രീകളുടെ സൈക്കിൾ സവാരി ഒരു ഗ്രാമത്തെ മാറ്റിയതിനെക്കുറിച്ച്...

പുതുക്കോട്ടൈ (തമിഴ്നാട്): സൈക്കിൾ സവാരി ഒരു സാമൂഹിക പ്രസ്ഥാനമാണോ? കേട്ടാൽ സംശയം തോന്നാം. എന്നാൽ, പുതുക്കോട്ടൈ ജില്ലയിലെ സാക്ഷരരായ ആയിരക്കണക്കിന് ഗ്രാമീണവനിതകൾക്ക് അതങ്ങനെയാണ്. ഇന്ത്യയിലെ ഏറ്റവും പാവപ്പെട്ട ജില്ലകളിലൊന്നായ ഇവിടെ ഗ്രാമീണ സ്ത്രീകളുടെ ഏറ്റവും പ്രിയപ്പെട്ട മാധ്യമം സൈക്കിൾ സവാരിയാണ്. കഴിഞ്ഞ പതിനെട്ടു മാസങ്ങളിൽ ഒരു ലക്ഷത്തിലധികം ഗ്രാമീണ സ്ത്രീകളാണ് സൈക്കിളോടിക്കാൻ പഠിച്ചത്. അവരെ സംബന്ധിച്ചിടത്തോളം സൈക്കിൾ സവാരി സാതന്ത്ര്യത്തിന്റെയും സ്വാഭിമാനത്തിന്റെയും സഞ്ചാര സ്വാതന്ത്ര്യത്തിന്റെയും സൂചകമായിരുന്നു. പത്തുവയസ്സിൽ താഴെയുള്ള പെൺകുട്ടികളെ ഒഴിച്ചുനിർത്തിയാൽ ഇവിടത്തെ ഗ്രാമീണ സ്ത്രീകളിലെ നാലിലൊന്ന് സൈക്കിൾ ഓടിക്കാൻ പഠിച്ചു കഴിഞ്ഞു. ജില്ലയിലാകെ സൈക്കിൾ ചവിട്ടുന്നത് ഒരാവേശമായി മാറിയിരിക്കുകയാണ്. അതിന്റെ ആരാധകരിൽ കർഷകത്തൊഴിലാളികളും കരിങ്കൽമടകളിൽ പണിയെടുക്കുന്നവരും ഗ്രാമങ്ങളിലെ ആരോഗ്യ പ്രവർത്തനം നടത്തുന്ന നഴ്സുമാരും ഉൾപ്പെടുന്നു. ജില്ലയിൽ നടപ്പാക്കപ്പെട്ട ഊർജസ്വലമായ സാക്ഷരതാ പദ്ധതിയായ 'അറിവൊളി ഇയക്കം' ഈയൊരു ഊർജത്തെ പരമാവധി ഉപയോഗപ്പെടുത്തി. ഇവിടെ എനിക്ക് കാണാനായ നവസാക്ഷരയും നവസൈക്ലിസ്റ്റുമായ ഓരോ സ്ത്രീയും സൂചിപ്പിച്ചത് സൈക്കിൾ സവാരിയും വ്യക്തിഗത സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ്.'പ്രധാനകാര്യംഇത് സ്ത്രീകൾക്കുണ്ടാക്കിക്കൊടുക്കുന്ന ത്മവിശ്വാസമാണ്. ഏറ്റവും പ്രാധാന്യമേറിയകാര്യം ഇത് പുരുഷൻമാർക്കുമേലുള്ള ആശ്രിതത്വം കുറച്ചു. ഇപ്പോൾ വെള്ളം ശേഖരിക്കാൻ കുട്ടികളേയുമിരുത്തി നാലു കിലോമീറ്ററോളം സൈക്കിളോടിച്ചുപോവുന്ന സ്ത്രീകളെ കാണാനാവും. മറ്റു സ്ഥലങ്ങളിൽ നിന്ന് സാധനങ്ങൾ കൊണ്ടുവരുന്ന ദൗത്യവും അവർ സ്വയമാണ് ചെയ്യുന്നത്. 'അറിവൊളിയുടെ സൈക്കിൾ പരിശീലനകേന്ദ്രം സന്ദർശിക്കുക എന്നത് ഒരു അസാധാരണമായ അനുഭവമാണ്. കിളാക്കുറിച്ചി ഗ്രാമത്തിൽ ഇതു പഠിക്കാൻ താൽപര്യമുള്ളവരെല്ലാം തന്നെ ഒരു ഞായറാഴ്ച ഒത്തുകൂടിയിരുന്നു. സൈക്കിൾ പഠനപ്രസ്ഥാനത്തിന് ലഭിക്കുന്ന വലിയ പിന്തുണ കണ്ട് നമുക്ക് അന്തംവിടുകയേ മാർഗമുള്ളൂ. അവർ ഒരു പുതിയ വഴി വെട്ടിത്തുറക്കുകയാണ്. പുരുഷൻമാരാൽ അടിച്ചേൽപ്പിക്കപ്പെട്ട മതിൽക്കെട്ടുകൾക്കുള്ളിൽ പതിവായി ചെയ്യുന്ന ചിട്ടവട്ടങ്ങൾക്കപ്പുറത്ത് ഒരു പുതുലോകം തുറക്കപ്പെടുകയാണ് സൈക്കിൾ സവാരിയിലൂടെ. ഓടിക്കാൻ പഠിക്കുന്നവർ സൈക്കിൾ സവാരിയെ പ്രകീർത്തിച്ച് അറിവൊളി തയ്യാറാക്കിയ പാട്ടുകളും പാടുന്നുണ്ട്. അവയിലൊന്നിലെ വരികൾ ഇങ്ങനെയാണ്: 'അല്ലയോ സഹോദരീ, വന്നാലും. സൈക്കിൾ പഠിക്കൂ, കാലത്തിന്റെ ചക്രത്തിനൊപ്പം സഞ്ചരിക്കൂ.'

ഈ പ്രതിഭാസം മൊത്തത്തിൽ ജനപ്രിയരായ മുൻ ജില്ലാകലക്ടർ ഷീലാറാണി ചുങ്കത്തിന്റെ തലയിൽ രൂപപ്പെട്ടതായിരുന്നു. വനിതാപ്രവർത്തകരെ പരിശീലിപ്പിച്ചെടുക്കുകയാണെങ്കിൽ അവർ വിദൂരഗ്രാമങ്ങളിലെ സ്ത്രീകളിൽ സാക്ഷരത എത്തിക്കുമെന്നത് 1991 ൽ അവർ കണ്ടെത്തിയ ആശയമായിരുന്നു. സാക്ഷരതാപ്രസ്ഥാനത്തിന്റെ ഒരു ഭാഗമായി യാത്രചെയ്യാനുള്ള സൗകര്യത്തേയും അവർ ഉൾപ്പെടുത്തി. വേഗത്തിൽ ഒരിടത്തുനിന്നും മറ്റൊരിടത്ത് എത്തിപ്പെടാനുള്ള കഴിവ് സ്ത്രീകൾക്ക് ഇല്ലാതെ പോകുന്നതാണ് അവരുടെ ആത്മവിശ്വാസം ചോർത്തിക്കളയുന്നതെന്ന് ഷീല മനസ്സിലാക്കിയിരുന്നു. സ്ത്രീകൾക്ക് സൈക്കിൾ വാങ്ങാൻ വായ്പ നൽകാൻ അവർ ബാങ്കുകൾക്കുമേൽ സമ്മർദ്ദം ചെലുത്തി. ആ പ്രവർത്തനത്തെ പരിപോഷിപ്പിക്കാൻ ഓരോ ബ്ലോക്കിനും പ്രത്യേകമായ ദൗത്യങ്ങളും അവർ നൽകി. ജില്ലയിലെ മുഖ്യ ഉദ്യോഗസ്ഥ എന്ന നിലയിൽ ആവശ്യമായ ശ്രദ്ധയും അവർ പകർന്നുനൽകി. 1992 ലെ അന്താരാഷ്ട്ര വനിതാദിനം ഏറെ ശ്രദ്ധേയമായിരുന്നു. ഹാന്റിൽ ബാറിൽ കൊടികൾ ഉറപ്പിച്ച് ബെല്ലടിച്ചുകൊണ്ട് പുതുക്കോട്ടൈയുടെ തെരുവീഥികളെ പിടിച്ചുകുലുക്കി. സ്ത്രീകൾ മാത്രമായുള്ള ആ സൈക്കിൾ റാലി പട്ടണത്തിലെ താമസക്കാർക്ക് അപൂർവ്വ കാഴ്ചയായിരുന്നു.

എന്തുതന്നെയായാലും എല്ലാ പുരുഷൻമാരും ഇതിനെതിരല്ല. ചിലരെല്ലാം വലിയ പ്രോത്സാഹനമാണ് നൽകിയത്. മുത്തുഭാസ്കരൻ എന്ന അറിവൊളി പ്രവർത്തകൻ തന്നെ ഉദാഹരണം. സൈക്കിൾ ഓടിക്കുന്ന വനിതകളുടെ ദേശീയഗാനമായി മാറിയ പാട്ട് എഴുതിയത് അദ്ദേഹമാണ്. സൈക്കിൾ യാത്രകൊണ്ട് വളരെ വ്യക്തമായ സാമ്പത്തികനേട്ടങ്ങളുമുണ്ട്. അത് വരുമാനം വർദ്ധിപ്പിക്കുന്നു. ചില സ്ത്രീകൾ കാർഷികോല്പന്നങ്ങളും മറ്റും ഒട്ടേറെ ഗ്രാമങ്ങളിൽ കൊണ്ടുപോയി വിറ്റഴിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ബസു കാത്തുനിന്ന് കളയുന്ന സമയം സൈക്കിൾ ഉപയോഗിക്കുന്നതിലൂടെ ലാഭിക്കാനാവും. ബസുകൾ കുറവായ റൂട്ടുകളിൽ ഇവ വളരെ നിർണായകമാണ്. രണ്ടാമതായി ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് ഇത് ആവശ്യത്തിലേറെ സമയം തരുന്നു. മൂന്നാമതായി നിങ്ങൾ എത്തിപ്പെടാൻ ആഗ്രഹിക്കുന്നതിലധികം പ്രദേശങ്ങളിൽ പോകാൻ ഇത് സഹായിക്കുന്നു. ആത്യന്തികമായി സൈക്കിളുകൾ വിശ്രമസമയം ആവശ്യമുള്ളവർക്ക് അതും പരമാവധി നൽകുന്നു.

ഇത് പകർന്നുനൽകുന്ന ആത്മാഭിമാനം വളരെ നിർണ്ണായകമാണ്. 'തീർച്ചയായും ഇത് ഒരു സാമ്പത്തിക പ്രവർത്തനമല്ല. സൈക്കിളോടിക്കുന്നതിലൂടെ എനിക്ക് ഒരു പണവും നേടാനാവുന്നില്ല. എനിക്കത് വാസ്തവത്തിൽ നഷ്ടമാണ്. ഒരു സൈക്കിൾ വാങ്ങിക്കാൻ

**കവിതകൾ**

**ഗിരീഷ് മാരേങ്ങലത്ത്**

## അന്തരം

ഒരു
മഞ്ഞുതുള്ളിക്ക്
പ്രണയത്തെ
സൃഷ്ടിക്കാനാവും
പക്ഷെ,
ഒരു
പ്രളയത്തിന്
പ്രണയത്തെ
നശിപ്പിക്കാനാവില്ല..

## ഈഗോ

പാതിയടഞ്ഞ
ജനലിന്റെ
ദൈന്യതയ്ക്കുമേ-
ലുറഞ്ഞു തുള്ളുന്ന
പാതിതുറന്ന
ജനലിന്റെയഹങ്കാരം



എനിക്കാവുകയില്ല. എന്നാൽ, ഓരോ ദിവസവും സൈക്കിൾ വാടകയ്ക്കെടുത്ത് അത് നൽകുന്ന സ്വാതന്ത്ര്യവും സംതൃപ്തിയും ഞാൻ അനുഭവിക്കുന്നു.' എന്നെ വിഡ്ഢിയാക്കുന്ന ഒരു നോട്ടത്തോടെ ഫാത്തിമ പറഞ്ഞു. പുതുക്കോട്ടൈ സന്ദർശിക്കുന്നതുവരെ ഈ എളിയ വാഹനത്തെ അങ്ങനെയൊരു വെളിച്ചത്തിൽ ഞാൻ കണ്ടിട്ടുണ്ടായിരുന്നില്ല. ഇവിടെ സൈക്കിൾ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി മാറുന്നു.

നിലവാരമുള്ള പത്രപ്രവർത്തനത്തിന്റെ നിയമങ്ങൾ ഇവിടെ ഈ സൈക്കിളിംഗ് പ്രസ്ഥാനത്തോട് എതിർപ്പുള്ള പുരുഷൻമാരുടെ ചില ഉദ്ധരണികൾ ബാലൻസിങ്ങിനായി ചേർക്കണമെന്ന് നിർബന്ധം പിടിക്കുന്നുണ്ടാകാം എന്നു ഞാൻ കരുതുന്നു. എന്നാൽ അതാരാണ് കാര്യമാക്കുന്നത്? നൂറായിരം നവസാക്ഷരരായ വനിതകൾ അവിടെ സൈക്കിൾ ചവിട്ടുന്നു എന്നതുമാത്രമാണ് വാർത്ത.

ഇതിനോടെതിർപ്പുള്ള പുരുഷൻമാർക്ക് കുറച്ചുദൂരം നടക്കാവുന്നതാണ്. എന്തെന്നാൽ സൈക്കിൾ ചവിട്ടുന്ന സ്ത്രീകളുടെ അതേ പാത പിന്തുടരാൻ അവർ ആഗ്രഹിക്കുന്നുണ്ടാവില്ലല്ലോ.

*(മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച 'നല്ലൊരു വളർച്ചയെ എല്ലാവരും ഇഷ്ടപ്പെടുന്നു' എന്ന പുസ്തകത്തിൽ നിന്ന്*

## പറഞ്ഞതും അറിഞ്ഞതും

**ചന്ദ്രകഥകൾ–** *മൂൺസ് ചന്ദ്രൻ*


*പ്രൈമറി വിദ്യാഭ്യാസത്തിനപ്പുറം അക്കാദമിക് യോഗ്യതയില്ലാത്ത സാധാരണക്കാരൻ. എന്നാൽ ജീവിതത്തിന്റെ അസാധാരണ വഴികളിലൂടെ സഞ്ചരിച്ച് സ്വജീവിതം അർത്ഥവത്താക്കി കാലയവനികക്കുള്ളിൽ മറഞ്ഞ പ്രകൃതിസ്നേഹി.*

*ജീവിതത്തെ സർഗാത്മക പരീക്ഷണമാക്കി നമുക്കിടയിൽ ചിലവഴിക്കുന്നതിനിടെ മൂൺസ് ചന്ദ്രൻ പറഞ്ഞതും അറിഞ്ഞതുമായ ചില അനുഭവ മുഹൂർത്തങ്ങൾ!*

*ഇതിൽ ചിലതിൽ ഇതെഴുതുന്നയാൾ പങ്കാളിയാണ്. ചിലത് ചന്ദ്രൻ പങ്കുവെച്ചതും. തത്വചിന്തയും നർമ്മവും സ്വയം വിമർശനവും പരിഹാസവും സത്യസന്ധതയും എല്ലാമടങ്ങിയ ജീവിതപാഠങ്ങൾ ഉള്ള ഈ നുറുങ്ങുകൾ ഓരോ ലക്കത്തിൽ വായിക്കാം. പ്രതികരണമറിയിക്കുമല്ലോ.* -അക്കു

## ധ്യാനത്തിലേക്ക് സൂപ്പർഫാസ്റ്റ് യാത്ര

കോഴിക്കോട് എലത്തൂരിൽ പി.എൻ.ദാസ് മാഷിന്റെയും സുഹൃത്തുക്കളുടെയും നേതൃത്വത്തിൽ ഒരു ധ്യാനപരിശീലന ക്യാമ്പ് നടക്കുന്ന വിവരം അറിഞ്ഞപ്പോൾ ചന്ദ്രനും ഞാനും തീരുമാനമെടുത്തിരുന്നു, ഉറപ്പായിട്ടും ആ ക്യാമ്പിൽ പങ്കെടുക്കണം! ധ്യാനത്തിന്റെ വഴികളിലെ വിശ്രാന്തിയും സ്വാസ്ഥ്യവും അനുഭവിച്ചറിയണം. ക്യാമ്പിന്റെ ദിവസം ഞങ്ങൾ പുറപ്പെടാനൊരുങ്ങി. അതിനുമുമ്പ് ചന്ദ്രന് അവന്റെ മൂൺസ് ആർട്സിലെ ചില വർക്കുകൾ ജോലിക്കാരെ പറഞ്ഞേൽപിക്കാനുണ്ടായിരുന്നു. അതെല്ലാം തീർത്ത് ഞങ്ങൾ ഇറങ്ങുമ്പോൾ നേരം ഇത്തിരി വൈകി. അതാ വരുന്നു! കോഴിക്കോട്ടേക്കുള്ള ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് ബസ്സ്! ഞങ്ങൾ ഓടിച്ചെന്ന് കൈ കാണിച്ചു. ബസ്സ് നിർത്താതെ അതിവേഗതയിൽ കടന്നുപോയി. തൊട്ടപ്പുറത്ത് ബസ്സ് സ്റ്റാന്റിൽ ബസ്സ് നിർത്തും. ഓടിച്ചെന്നാൽ കിട്ടും. ഞങ്ങൾ ആ ബസ്സ് പിടിക്കാനായി ഓടിത്തുടങ്ങി. അപ്പോഴാണ് പരിചയക്കാരനായ ഓട്ടോക്കാരൻ വരുന്നത്. കേറിക്കോളൂ.. ഞാൻ ബസ്സിനടുത്തെത്തിക്കാം. ഞങ്ങൾ രണ്ടുപേരും ഓട്ടോയിലേക്ക് ചാടിക്കയറി. ഓട്ടോ ചീറിപ്പാഞ്ഞു. ഞൊടിയിടയിൽ സ്റ്റാന്റിലെത്തുമ്പോൾ സൂപ്പർഫാസ്റ്റ് നീങ്ങിത്തുടങ്ങിയിരുന്നു. ഓട്ടോക്കാരൻ അതിവിദഗ്ധമായി വെട്ടിച്ച് ബസ്സിന്റെ മുമ്പിൽ ചെന്ന് വണ്ടി ബ്ലോക്കാക്കി നിർത്തി. കോഴിക്കോട്ടേക്ക് രണ്ടാളുണ്ടെന്നു വിളിച്ചുപറഞ്ഞു. ഞങ്ങൾ ഓട്ടോറിക്ഷയിൽ നിന്നിറങ്ങി നേരെ ബസ്സിലേക്ക് ചാടിക്കയറി. ആദ്യം കിട്ടിയ സീറ്റിൽ ഇരുന്ന് കിതപ്പു മാറ്റുന്നതിനിടെ ചന്ദ്രൻ പറഞ്ഞു. നമ്മൾ പോകുന്നത് എന്തിനാണ്? ധ്യാനം പരിശീലിക്കാൻ അല്ലെ? എന്തൊരു വിഡ്ഢികൾ! ഓടിക്കിതച്ച്, ഓട്ടോയിൽ ചെയ്സ് ചെയ്ത് സൂപ്പർ ഫാസ്റ്റ് ബസ്സിൽ ചാടിക്കയറി അതിവേഗതയിൽ പോകുന്നത്, ധ്യാനത്തിന്റെ സാവകാശ വഴികൾ പരിശീലിക്കാനോ? നല്ല വിഡ്ഢികൾ തന്നെ നാം!




# ടോട്ടോ-ചാൻ പ്രസിദ്ധീകരിക്കപ്പെട്ടിട്ട് 30 വർഷമായിരിക്കുന്നു

**ഐറിൻ എലിസബത്ത് എബി**

## ഒരു ആറാം ക്ലാസുകാരിയുടെ *ടോട്ടോ-ചാൻ* വായന

തെത്സുകോ കുറോയാനഗി എന്ന ടോട്ടോ-ചാന്റെ കുട്ടിക്കാലത്തിന്റെ പരിപൂർണ്ണമായ പുനരാവിഷ്കാരമാണ് ടോട്ടോ-ചാൻ എന്ന പുസ്തകം. തികച്ചും വികൃതിയും, നിഷ്കളങ്കയുമായ ടോട്ടോ-ചാൻ എന്ന ഏഴുവയസ്സുകാരി പെൺകുട്ടിയുടെ ചിന്തകൾ, വികാരങ്ങൾ, അനുഭവങ്ങൾ, വികൃതികൾ എല്ലാമെല്ലാം ഈ പുസ്തകത്തിൽ സവിസ്തരം വർണ്ണിച്ചിട്ടുണ്ട്.

കുട്ടികളുടെ സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുവാനും നിലവാരം ഉയർത്തിക്കൊണ്ടു വരുവാനുമായി, അനേകം പാശ്ചാത്യ രാജ്യങ്ങൾ സന്ദർശിച്ച്, പഠനം എങ്ങനെ രസകരമാക്കാം എന്ന് അവിടുത്തെ പഠനസമ്പ്രദായം നിരീക്ഷിച്ച് മനസ്സിലാക്കി, യുക്തമായവ ഉൾക്കൊണ്ടു സൊസുകു കൊബായാഷി മാസ്റ്റർ ആരംഭിച്ച റ്റോമൊഗാക്വൻ എന്ന സ്കൂളിലാണ് വികൃതികൾ കാട്ടി ആദ്യത്തെ സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ട ടോട്ടോ-ചാൻ എത്തിച്ചേർന്നത്. അവിടെ അവളെ കാത്തിരുന്നത് വ്യത്യസ്തമായ ഒരു പഠനാന്തരീക്ഷമാണ്. വളരെ കുറച്ച് വിദ്യാർത്ഥികൾ മാത്രം പഠിച്ചിരുന്ന സ്കൂൾ നിർമ്മിച്ചിരുന്നത് ഉപേക്ഷിക്കപ്പെട്ട തീവണ്ടിബോഗികളിലായിരുന്നു. മറ്റു സ്കൂളുകളിൽ പീരിയഡുകൾ നിശ്ചയിക്കപ്പെടുമ്പോൾ റ്റോമോയിലെ കുട്ടികൾ പീരിയഡുകളുടെ ക്രമം സ്വയം നിശ്ചയിച്ചു. പാശ്ചാത്യ രാജ്യങ്ങളിലെ വിദ്യാലയങ്ങളിൽ നിലവിലുണ്ടായിരുന്ന യൂറിത്ത്മിക്സ് എന്ന ശാസ്ത്രീയ നൃത്ത ഇനം ശരീരത്തിനും മനസ്സിനും ഉണർവ്വും ഊർജ്ജവും പ്രദാനം ചെയ്യാൻ വളരെ അധികം പ്രയോജനപ്പെട്ടു. ക്യാമ്പിംഗ്, നടത്തം, നീന്തൽ, പ്രസംഗവേദി, കൃഷി, സംഗീതക്ലാസ്, പാചകശാല, യാത്രകൾ, കായികമേള, ലൈബ്രറി എന്നിവ കുട്ടികൾക്ക് മാനസികവും ശാരീരികവുമായ ഉല്ലാസം ലക്ഷ്യമിട്ടുള്ളവയായിരുന്നു.

ഈ കാലഘട്ടത്തിൽ, റ്റോമോയിലേതുപോലെയുള്ള പഠനത്തിന്റെ അഭാവം കുട്ടികളെ പുസ്തകപ്പുഴുക്കൾ മാത്രമാക്കി മാറ്റുന്നു. കണ്ണുതുറന്ന് ചുറ്റുമുള്ള ലോകത്തെ കാണാൻ, അതിൽ നിന്നും അറിവ് സംഭരിക്കാൻ കുട്ടികളെ അഭ്യസിപ്പിക്കാത്തത് പഠനം കാണാപാഠം പഠിക്കലാണ് എന്ന് കരുതുന്ന സമൂഹത്തിന്റെ പ്രശ്നമാണ്. വിദ്യാഭ്യാസം ശാരീരികവും മാനസികവും ഭൗതികവുമായി പൂർണ്ണമായിരിക്കണം.

ജപ്പാനിലെ ബെസ്റ്റ് സെല്ലറായ ഈ പുസ്തകം ആഖ്യാനശൈലി കൊണ്ട് വളരെ വ്യത്യസ്തമാണ്. വളരെ ലളിതമായി എന്നാൽ മനസ്സിന്റെ ആഴങ്ങളിലേക്ക് ഊർന്നിറങ്ങുന്ന രീതിയിലുള്ള തെത്സുകോ കുറോയാനഗിയുടെ രചനാശൈലി വളരെ പ്രശംസ അർഹിക്കുന്നു.

കഥയുടെ അവസാനത്തിൽ, ടോട്ടോ-ചാൻ വളരെ ദു:ഖിതയാണ്. പ്രിയ സുഹൃത്ത് യാസ്വാക്കിചാന്റെ അകാല വിയോഗവും രണ്ടാം ലോകമഹായുദ്ധത്തോടനുബന്ധിച്ച് സ്കൂളിൽ എല്ലാവരുടെയും പ്രിയപ്പെട്ട പാറാവുകാരൻ റിയോചാന്റെ പട്ടാളകേന്ദ്രത്തിലേക്കുള്ള യാത്രയും മറ്റെല്ലാവരേയും എന്ന പോലെ കൊച്ചു ടോട്ടോയേയും ദുഃഖത്തിലാഴ്ത്തി.

രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരി കൊണ്ടപ്പോൾ അമേരിക്ക ടോക്കിയോയുടെ മീതെ മാരകമായ ബോംബുകൾ വർഷിച്ചു. അതിൽ നിന്നും രക്ഷപ്പെടുവാനായി തീവണ്ടി വാഗണുകളിൽ കുത്തിനിറയ്ക്കപ്പെട്ട് പലായനം ചെയ്യുന്നവരിൽ ജപ്പാന്റെ നിസ്സഹായതയുടെ രോദനം നമുക്ക് കേൾക്കാൻ സാധിക്കും. ആ അഭയാർത്ഥിക്കൂട്ടത്തിലെവിടെയോ ഇരുന്ന് വിങ്ങുന്ന ആ നഗരത്തിൽ നിന്നും യാത്രയാകുമ്പോൾ ടോട്ടോ അറിയുന്നുണ്ടായിരുന്നില്ല അവളുടെ കളിയും ചിരിയും കുസൃതികളും നിറഞ്ഞുനിന്ന വിദ്യാലയം; അവളുടെ പ്രിയപ്പെട്ട റ്റോമൊഗാക്വൻ പൊട്ടിത്തകരുകയായിരുന്നു എന്ന്.

*ഐറിൻ എലിസബത്ത് എബി c/o എബി മോൻ എബ്രഹാം, പുതുവൽമറ്റം വീട്, കോട്ടോപ്പാ.ടം, മണ്ണാർക്കാട്. ഫോ.9496139620*

## തെത്സുകോ കുറോയാനഗി


ലോകപ്രശസ്ത ജാപ്പനീസ് നടി, യൂനിസെഫിന്റെ ഗുഡ്‌വിൽ അംബാസിഡർ, ജീവകാരുണ്യപ്രവർത്തക എന്നീ നിലകളിൽ അറിയപ്പെടുന്ന കുറോയാനഗിയുടെ ജീവിതത്തിലെ വഴിത്തിരിവാണ് 1981 ൽ അവർ പ്രസിദ്ധീകരിച്ച 'ടോട്ടോ-ചാൻ' ജനാലക്കരികിലെ വികൃതിക്കുട്ടി എന്ന പുസ്തകം. ലോകത്തെ എക്കാലത്തെയും ബെസ്റ്റ് സെല്ലറുകളിൽ ഒന്നായി അറിയപ്പെടുന്നതാണ് ടോട്ടോ-ചാൻ എന്ന അവരുടെ ബാല്യകാലസ്മൃതികളുടെ പുസ്തകാവിഷ്കാരം. ടോമൊഗാക്വൻ എലിമെന്ററി സ്കൂൾ എന്ന പാരമ്പര്യേതരമായ ബദൽ വിദ്യാലയത്തിലെ അനുഭവങ്ങളാണ് ടോട്ടോചാനിലെ പ്രതിപാദ്യം. വിദ്യാഭ്യാസത്തെക്കുറിച്ച് എന്നും പ്രശസ്തമായ, കാതലായ ചിന്തകൾ ഉണർത്തിവിടാൻ പ്രേരിപ്പിക്കുന്ന ടോട്ടോ-ചാൻ എന്ന പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടിട്ട് 30 വർഷമായിരിക്കുന്നു. ഇന്നും ലോകമെങ്ങുമുള്ള വായനക്കാരുടെ മനസ്സിൽ തളിർത്തുനിൽക്കുന്ന വായനാനുഭവമാണ് ടോട്ടോചാൻ'. സൊസാഗു കൊബയാഷി എന്ന സ്കൂൾ മാസ്റ്ററെ മറക്കാൻ 30 വർഷത്തിനുശേഷവും കഴിയുന്നില്ല.

കുറോയാനഗി യൂനിസെഫിനു വേണ്ടി ധാരാളം ധനശേഖരണപരിപാടികൾ നടത്തിയിട്ടുണ്ട്. ടോട്ടോ ഫൗണ്ടേഷൻ എന്ന സംഘടന സ്ഥാപിച്ച് തന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചിരിക്കുന്നു. ബധിരരായ അഭിനേതാക്കളെ പരിശീലിപ്പിക്കുക, നാടകത്തെ ബധിരരുടെ സർഗാത്മകതയിൽ ആവിഷ്കരിക്കുക എന്നിവയാണ് ടോട്ടോ ഫൗണ്ടേഷൻ ലക്ഷ്യം വെക്കുന്ന പ്രവർത്തനങ്ങൾ.

*(ടോട്ടോച്ചാൻ എന്ന പുസ്തകം മലയാളത്തിൽ ലഭ്യമാണ്. ന്യൂഡൽഹിയിലെ നാഷണൽ ബുക്ക് ട്രസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.)*

# പൊതുഗതാഗതം ചില വസ്തുതകൾ

- നൂറുപേരെ കയറ്റാവുന്ന ഒരു ബസ്സിന്റെ സ്ഥാനത്ത് അത്രപേർക്ക് യാത്രചെയ്യണമെങ്കിൽ 50 ടൂവീലറുകളോ 40 ഓട്ടോറിക്ഷകളോ 30 കാറുകളോ വേണം.
- ഒരു ബസ്സിന്റെ സ്ഥലം വേണം പത്ത് ടൂവീലറുകൾക്ക്.
- ഗതാഗതത്തിരക്കേറിയ നമ്മുടെ പല റോഡുകളിലും ഒന്നോ രണ്ടോ പേർ മാത്രം യാത്രചെയ്യുന്ന വമ്പൻ ആഡംബര കാറുകൾ സ്ഥലം മിനക്കെടുത്തുന്നത് കാണാം.
- കേരളത്തിൽ ഇന്ന് പൊതുമരാമത്ത് റോഡ് ഒരു കിലോമീറ്റർ പണിയാൻ ആറുകോടി രൂപ ചിലവ് വരും.
- വാഹന ഉടമകളിൽ നിന്നും പിരിക്കുന്ന നികുതിപ്പണം ഇവിടെ റോഡ് വികസനത്തിന് ചിലവഴിക്കുന്നില്ല.
- പൊതുഗതാഗതരംഗത്ത് ലോകത്തിൽ ആദ്യമായി സർക്കാർ ഇടപെട്ട രാജ്യമാണ് പഴയ തിരുവിതാംകൂർ. 1938 ഫെബ്രുവരി 20 ന് തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ നിന്ന് കവടിയാറിലേക്ക് ഓടിച്ച യാത്രാബസ്സായിരുന്നു സർക്കാർ ഉടമസ്ഥതയിലുള്ള ആദ്യ പൊതു ബസ് സർവ്വീസ്.
- 2010-ലെ കണക്ക് പ്രകാരം 38,351 സ്വകാര്യബസ്സുകളും 5,402 കെ.എസ്. ആർ.ടി.സി. ബസ്സുകളുമാണ് കേരളത്തിൽ.
- കെ.എസ്.ആർ.ടി.സി ഹൈക്കോടതിയിൽ 2010 ഫെബ്രുവരിയിൽ നൽകിയ കണക്ക് പ്രകാരം ഒരു കിലോമീറ്റർ സർവ്വീസ് നടത്തുമ്പോൾ കെ.എസ്.ആർ.ടി.സിക്ക് 574 പൈസ ജീവനക്കാർക്കുള്ള ശമ്പളത്തിനും 534 പൈസ പെൻഷനുമായി ചിലവാകുന്നു.
- കെ.എസ്.ആർ.ടി.സി യിലെ പെൻഷൻ ബാധ്യത സംസ്ഥാനസർക്കാർ ഏറ്റെടുത്താൽ നിലവിലുള്ള ബസ് കൂലിയിൽ തന്നെ കെ.എസ്.ആർ.ടി.സി വൻലാഭത്തിലാകും.
- രണ്ടു രൂപ മിനിമം ചാർജ്ജിൽ തമിഴ്നാട്ടിൽ അഞ്ചു കിലോമീറ്റർ ബസ് യാത്രചെയ്യാം.
- ട്രെയിനിൽ 100 കിലോമീറ്റർ യാത്രചെയ്യാൻ 17 രൂപ യാത്രാക്കൂലിയുള്ളപ്പോൾ അതേദൂരം ബസ്സിൽ യാത്രചെയ്യാൻ 55 രൂപയാകും. സ്ഥിരം യാത്രക്കാർക്കാണെങ്കിൽ 100 കിലോമീറ്റർ പ്രതിദിനം യാത്രചെയ്യാൻ സാധിക്കുന്ന സീസൺ ടിക്കറ്റിൽ ഒരു യാത്രയ്ക്ക് 5 രൂപയിൽ താഴെയേ ചിലവാകൂ. ബസ്സിൽ യാത്രചെയ്യുന്നതിന്റെ പത്തിലൊന്നു മാത്രം.
- രാജ്യത്തൊട്ടാകെയുള്ള 1,11,599 കിലോമീറ്റർ റെയിൽവേ ലൈനിൽ കേരളത്തിലുള്ളത് 1,148 കിലോമീറ്റർ റെയിൽ ലൈൻ മാത്രം. 1956-ൽ കേരളം രൂപവത്കരിക്കുമ്പോൾ 745 കിലോമീറ്റർ ആയിരുന്നു റെയിൽവെ ലൈൻ ദൂരം.
- സിംഗപ്പൂരിലും യൂറോപ്പ്യൻ നഗരങ്ങളിലും ചൈനീസ് ടൗണുകളിലും എന്നുവേണ്ട ലോകത്തെ മിക്ക പട്ടണങ്ങളിലെയും പ്രധാന റോഡുകളിൽ തിരക്കേറിയ സമയങ്ങളിൽ യാത്രാ ബസ്സുകൾ മാത്രമാണ് അനുവദിക്കാറ്. യാത്രാബസ്സുകൾക്ക് സ്വതന്ത്ര ബസ് ലൈനുകൾ തന്നെയുണ്ട്.
- പാർക്കിംഗ് പ്രശ്നം രൂക്ഷമായതിനാൽ ചൈനീസ് പട്ടണങ്ങളിൽ പുതുവാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് റേഷനിംഗ് ആണ്. ഒരു മാസം 10,000 വാഹനങ്ങൾക്കേ രജിസ്ട്രേഷൻ ലഭിക്കൂ. ജപ്പാനിൽ വീട്ടിലും ജോലിസ്ഥലത്തും മതിയായ പാർക്കിംഗ് സ്ഥലമുണ്ടെന്ന് തെളിവ് നൽകിയാലേ സ്വകാര്യ വാഹനങ്ങൾ രജിസ്റ്റർ ചെയ്യാനാവൂ.




പാർക്കിംഗ് പ്രശ്നം രൂക്ഷമായതിനാൽ ചൈനീസ് പട്ടണങ്ങളിൽ പുതുവാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് റേഷനിംഗ് ആണ്. ഒരു മാസം 10,000 വാഹനങ്ങൾക്കേ രജിസ്ട്രേഷൻ ലഭിക്കൂ. ജപ്പാനിൽ വീട്ടിലും ജോലിസ്ഥലത്തും മതിയായ പാർക്കിംഗ് സ്ഥലമുണ്ടെന്ന് തെളിവ് നൽകിയാലേ സ്വകാര്യ വാഹനങ്ങൾ രജിസ്റ്റർ ചെയ്യാനാവൂ.

*(സെന്റർ ഫോർ കൺസ്യൂമർ എജ്യൂക്കേഷൻ, പാലായുടെ മുഖ്യ ഉപദേഷ്ടാവും ട്രാൻസ്പോർട്ട് മാനേജ്മെന്റ് വിദഗ്ധനുമായ ശ്രീ: ജെയിംസ് വടക്കൻ മാധ്യമം ആഴ്ചപ്പതിപ്പിൽ(4-4-2011) എഴുതിയ ലേഖനത്തോട് കടപ്പാട്)*

ജീവിതത്തിന്റെ



ലളിതപാഠങ്ങൾ

അക്കു

# സൂചീമുഖി ഹൃദയത്തെ തൊട്ടത്

ഒരു കുഞ്ഞു മാസിക ജീവിതത്തിന് നൽകിയ പുതിയ കാഴ്ചകളെപ്പറ്റി...


സൂചീമുഖി ഒരു കൊച്ചുകുരുവിയുടെ പേരാണ്. എന്നാൽ കേരളത്തിലെ പരിസ്ഥിതി സ്നേഹികൾക്കത് ജ്ഞാനവും ഊർജ്ജവും പകർന്നുകൊടുക്കുന്ന വിലപ്പെട്ട ഒരു കുഞ്ഞു മാസികയാണ്. ഓരോ മാസവും ഞാൻ സാകൂതം ഈ കുഞ്ഞുമാസികയ്ക്ക് വേണ്ടി കാത്തിരിക്കുന്നു.

സൂചീമുഖിയുമായി ചങ്ങാത്തം കൂടിത്തുടങ്ങിയിട്ട് വർഷങ്ങളെത്രയായി?

കൃത്യമായി ഓർമ്മയുണ്ട്. 1985-ലാണ്. മമ്പാട് എം.ഇ.എസ് കോളേജിൽ പ്രീഡിഗ്രിക്ക് ചേർന്ന വർഷം. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ പങ്കുചേർന്ന്, അതാണ് ഏറ്റവും മുഖ്യമായ സാമൂഹ്യദൗത്യമെന്ന അന്നത്തെ ശരിയിൽ മുറുകെപ്പിടിച്ച് ആവേശം കൊണ്ടുനടന്ന കാലം. മാതൃഭൂമി ആഴ്ചപ്പതിപ്പും കവിതാ വായനയുമൊക്കെ ഗൗരവമായി തുടങ്ങിയിട്ടേ ഉള്ളൂ. മിക്ക ദിവസങ്ങളിലും ക്യാമ്പസ്സിൽ പ്രകടനമുണ്ടാകും. മുദ്രാവാക്യം ഉയർത്തി കൂട്ടത്തിൽ അലിഞ്ഞുചേർന്ന് നടക്കുമ്പോൾ ഒരിക്കലും ഒരു നേരമ്പോക്കായി തോന്നിയിട്ടേ ഇല്ല. 'ഏക ശരി'യിൽ വിശ്വസിച്ചുകൊണ്ടുള്ള ആത്മാർത്ഥമായ പങ്കാളിത്തമായിരുന്നു അത്. അങ്ങനെയൊരു പ്രകടനത്തിൽ കണ്ണിയായി കടന്നുപോകുമ്പോഴാണ് വരാന്തയിൽ നിന്ന് ഒരു സഹപാഠി തോണ്ടി വിളിച്ച് കയ്യിൽ ഒരു സാധനം തരുന്നത്. മുദ്രാവാക്യം ഏറ്റുവിളിച്ചുകൊണ്ടു തന്നെയാണത് മറിച്ചുനോക്കുന്നത്. പരസ്യങ്ങളൊന്നുമില്ലാതെ, ചിത്രങ്ങളില്ലാതെ, വർണ്ണങ്ങളില്ലാതെ ന്യൂസ്പ്രിന്റിൽ അച്ചടിച്ച ലഘുലേഖ പോലൊരു പ്രസിദ്ധീകരണം. സൂചീമുഖി എന്ന മഹത്തായ ഒരു പ്രസിദ്ധീകരണം എന്റെ കൈകളിൽ ആദ്യമായി എത്തുന്നതിങ്ങനെയാണ്. അന്നത്തെ കൗമാരക്കാരനെ ആകർഷിക്കാൻ പറ്റിയ കെട്ടോ മട്ടോ ഒന്നും അതിനില്ല. എങ്കിലും സഹജമായ കൗതുകത്തോടെ വായിച്ചുതുടങ്ങി. അത്ഭുതമായിരുന്നു ഫലം! ചട്ട മറിച്ചാൽ കാണുന്ന മാമരത്തിന്റെ ചിത്രവും ഹൃദയത്തെ തൊടുംവിധം എഴുതിയ മുഖക്കുറിപ്പും അതിനു താഴെയുള്ള ജോൺസി എന്ന പേരും, ഡോ: ബേബി വർഗ്ഗീസിന്റെ ലേഖനവും വായനക്കാരുടെ ആത്മാർത്ഥമായ തുറന്നെഴുത്തും സാരംഗ് ഗോപാലകൃഷ്ണൻ-വിജയലക്ഷ്മിമാരുടെ കുറിപ്പും... അങ്ങനെയങ്ങനെ അതിലെ ഓരോ വരികളും എന്നെ എവിടെയൊക്കെയോ തൊട്ടു. ഞാൻ അന്നുവരെ കേൾക്കാത്ത, ചിന്തിക്കാത്ത പുതിയ കാര്യങ്ങൾ. എല്ലാം പതിയെ എന്റെ സിരകളിലേക്ക് പടരുന്നതായി ഞാൻ തന്നെയറിഞ്ഞു. സുഹൃത്തിനോട് സൂചിമുഖി എനിക്ക് പതിവായി വേണമെന്ന് പറഞ്ഞുറപ്പിച്ചു.

കിട്ടുന്ന ഓരോ ലക്കവും ശ്രദ്ധാപൂർവ്വം വായിച്ചുതുടങ്ങിയതോടെ ഞാൻ പുതിയ കാഴ്ചകൾ കണ്ടുതുടങ്ങുകയായിരുന്നു. എനിക്കുചുറ്റുമുള്ള പരിസരങ്ങളിലെ അന്നുവരെ ഞാൻ കാണാത്ത സൂക്ഷ്മമായ കാര്യങ്ങൾ, അന്നുവരെ ഞാൻ കേൾക്കാത്ത ശബ്ദവീചികൾ... എല്ലാം പുതിയ പാഠങ്ങൾ, അനുഭൂതികൾ.. എന്റെ ചിന്തകളിൽ, ദർശനങ്ങളിൽ മാറ്റങ്ങൾ വന്നുതുടങ്ങി. പുതിയൊരു കണ്ണടവെച്ചപ്പോൾ കണ്ട വ്യത്യസ്തമായ കാഴ്ചകളായിരുന്നു അവ. വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ ശബ്ദഘോഷങ്ങൾക്കിടയിൽ ഈ കാഴ്ചകൾ എന്റെ ചിന്തകളെ ഇളക്കിമറിച്ചുകൊണ്ടിരുന്നു. പതിയെ ഹരിതദർശനത്തിന്റെ വഴിയിലൂടെ നടന്നുതുടങ്ങി.






മാസികയോടൊപ്പം പത്രാധിപരായ ജോൺസിയും അന്നേ മനസ്സിൽ കുടിയേറി. അദ്ദേഹത്തിന്റെ ഫോട്ടോയൊന്നും അന്ന് കണ്ടിട്ടില്ല. എങ്കിലും മുതുമലയിലെയും കോടഞ്ചേരിയിലെയും മാടായിപ്പാറയിലെയും സഹവാസ പരിപാടികളിൽ പങ്കെടുത്തവർ സൂചീമുഖിയിലെഴുതിയ അനുഭവസാക്ഷ്യങ്ങളിലെ പ്രകൃതിയുടെ സുന്ദരഭാവങ്ങളോടൊപ്പം ജോൺസി എന്ന ഗുരുവര്യനും നിറഞ്ഞുനിന്നു. ഞാൻ ജോൺസിക്ക് വരിസംഖ്യയോടൊപ്പം ഇടയ്ക്ക് കത്തുകളുമെഴുതി. അന്നുതൊട്ട് 2009 ഒക്ടോബർ 11 ന് ജോൺസി മരിക്കുന്നതുവരെ അദ്ദേഹവുമായുള്ള ബന്ധവും നിലനിന്നു.

ജോൺസി പിൽക്കാലത്ത് സൂചീമുഖി വിട്ടുപോവുകയും അദ്ദേഹം സ്വന്തമായി തുടങ്ങിയ ആൻഖും, ഒരേ ജീവൻ ഒരേ ഭൂമിയും, പ്രസാദവും... എല്ലാം ആദ്യലക്കം മുതൽ എനിക്കയച്ചുതരികയും ചെയ്തിരുന്നു. സൂചീമുഖി അപ്പോഴും മുടങ്ങാതെ വന്നുകൊണ്ടിരുന്നു. 1985 മുതലുള്ള സൂചീമുഖിയുടെ മിക്ക ലക്കങ്ങളും എന്റെ ശേഖരത്തിലുണ്ട്. മനസ്സിനെ വല്ലാതെ അലസത പിടികൂടുന്ന സമയത്ത് ഈ കെട്ടുകൾ ഇറക്കിവെച്ച് പഴയ താളുകളിലൂടെ കടന്നുപോവുമ്പോൾ വല്ലാത്തൊരു ഊർജ്ജം വന്നുനിറയും.

1980 ൽ പയ്യന്നൂരിൽ നിന്ന് 'സൊസൈറ്റി ഫോർ എൻവയോൺമെന്റൽ എജ്യൂക്കേഷൻ ഇൻ കേരള (സീക്ക്)' എന്ന പരിസ്ഥിതി സംഘടനയുടെ ആഭിമുഖ്യത്തിൽ തുടങ്ങിയ സൂചീമുഖി മുടങ്ങാതെ പറക്കാൻ തുടങ്ങിയിട്ട് മുപ്പതുവർഷത്തിലേറെയായി. പ്രകൃതിയുടെ പക്ഷത്തുനിന്ന് ജാഗ്രതയോടെ സംസാരിക്കുകയും ഇടപെടുകയും ചെയ്യുന്ന, വരിസംഖ്യ കൊണ്ടുമാത്രം നിലനിന്നുപോകുന്ന വൻ സന്നാഹങ്ങളില്ലാത്ത ഇത്ര ലളിതവും ആർജ്ജവവുമുള്ള ഒരു മാസിക മറ്റേതെങ്കിലും ഭാഷകളിൽ ഉണ്ടോ എന്നു സംശയമാണ്. പരിസ്ഥിതി പരിരക്ഷണ മേഖലയിൽ വഴികാട്ടിയായി നിൽക്കുന്ന ഈ മാസിക കേരളത്തിന്റെ പാരിസ്ഥിതിക ചരിത്രത്തിൽ വഹിച്ച പങ്ക് പഠനവിഷയമാവേണ്ടതുണ്ട്. അതിനുമപ്പുറമാണ് എന്നെപ്പോലുള്ള ആയിരക്കണക്കിന് വ്യക്തികളെ നിരന്തരം പരിവർത്തനപ്പെടുത്താൻ, ശുദ്ധീകരിക്കാൻ ഈ കുഞ്ഞുമാസിക നിരന്തരം സഹായിച്ചുകൊണ്ടിരിക്കുന്നത്.

# സാധാരണക്കാർ പഠിപ്പിക്കുന്ന മഹാസത്യങ്ങൾ



**ബിജു ജോൺ**

**കാക്കവായിലും പൊന്നിരിക്കുന്നതുപോലെ സാധാരണക്കാരിലും അമൂല്യങ്ങളായ ജീവിതദർശനങ്ങൾ കാണാം സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥയുടെ പ്രേരണയിൽ ചില ആലോചനകൾ**

സാധാരണക്കാർ പലരും തത്വശാസ്ത്രം പറയുന്നവരാണ്. തെങ്ങുകയറുന്ന തൊഴിലാളിക്ക്, ഓട്ടോറിക്ഷാ ഡ്രൈവർക്ക്, മുറുക്കാൻ കടക്കാരന്, മത്സ്യവിൽപ്പനക്കാരന്, ലോട്ടറിക്കച്ചവടക്കാരന്... ഒക്കെ ജീവിതത്തെക്കുറിച്ചുള്ള മഹാസത്യങ്ങൾ പറയാനുണ്ടാവും. കാക്കവായിലും പൊന്നിരിക്കുന്നതുപോലെ സാധാരണക്കാരിലും അമൂല്യങ്ങളായ ജീവിതദർശനങ്ങൾ കാണാം. തത്വചിന്തകൾ സദാ ഉരുവിട്ടുനടക്കുന്ന ദാർശനികനായ എഴുത്തുകാരനെയും ഒരു സന്ദർഭത്തിൽ വീട്ടുജോലിക്കു നിൽക്കുന്ന പാവപ്പെട്ട തൊഴിലാളി സ്ത്രീയോ, ഡ്രൈവറോ ചില തത്വചിന്തകൾ പഠിപ്പിച്ചേക്കാം.

എല്ലാം അറിയാമെന്ന് നടിക്കുന്ന മദ്ധ്യവർഗ്ഗ മലയാളിയുടെ പ്രതിനിധിയായ കോളേജ് പ്രൊഫസർ, കേവലം ടി.വി. സീരിയലുകളിലും അടുക്കള വ്യവഹാരങ്ങളിലും മറ്റും മറ്റും ഒതുങ്ങുന്ന ഭാര്യയെ ജീവിതത്തിൽ നിന്നുതന്നെ ഒഴിവാക്കാൻ കുടുംബകോടതിയിൽ ഹർജി ബോധിപ്പിച്ച രവിചന്ദ്രൻ എന്ന ഫിലോസഫി അദ്ധ്യാപകനെ സന്തോഷ് എച്ചിക്കാനം 'റോഡിൽ പാലിക്കേണ്ട നിയമങ്ങൾ' എന്ന കഥയിലൂടെ അവതരിപ്പിക്കുമ്പോൾ ഉയരുന്ന ചില ആലോചനകളാണിതൊക്കെ. രവിചന്ദ്രൻ ചോദിക്കുകയാണ്:

"ഏതുനേരത്തും ടി.വി. കാണുകയും തിന്നുകയും മാർജിൻ ഫ്രീ മാർക്കറ്റിൽ പോവുകയും ആഴ്ചപ്പതിപ്പുകളിലെ റെസിപ്പി വെട്ടിയെടുത്ത് പാചകകസർത്ത് നടത്തുകയും ചെയ്യുന്നതാണ് ജീവിതമെന്ന് വിചാരിക്കുന്ന ഒരു പെണ്ണിന്റെ കൂടെ ഇങ്ങനെ എത്രനാൾ കഴിയാനൊക്കും?"

രവിചന്ദ്രൻ ഭാര്യ അഖിലയെ തന്റെ വായനാമുറിയിൽ കൊണ്ടുപോയി കാണിച്ചിട്ടുപറഞ്ഞു: "ഇതുമുഴുവൻ പുസ്തകങ്ങളാ. ഈ ടി.വി.ക്ക് മുന്നിൽ പോപ്പ് കോണും കൊറിച്ചിരിക്കുന്ന നേരത്ത് ഇതൊക്കെ എടുത്തൊന്ന് നോക്കിയാൽ നിനക്ക് കുറച്ചുകൂടി സീര്യസാകാൻ പറ്റും."

"ഞ്ഹാ, ഇത്രയൊക്കെ സീര്യസ്നസ് മതി"

"നീയിപ്പോൾ വെറും അഖിലയല്ല. രവിചന്ദ്രന്റെ ഭാര്യയാണ്. അയാളൊരു ഫിലോസഫി അദ്ധ്യാപകനാണ്, എഴുത്തുകാരനാണ്."

"പക്ഷേ ഞാനഖിലയാണ്."

രവിചന്ദ്രന്റെ ലഘുപ്രഭാഷണം കഥയിൽ ഇങ്ങനെ തുടരുന്നു.

"അഞ്ചക്ക ശമ്പളത്തിന്റെ തണലത്തുനിൽക്കുമ്പോ നിനക്കൊക്കെ ജീവിതം കോൺടിനെന്റൽ ഡിഷുപോലെ രുചികരമായിട്ടു തോന്നും. മദ്ധ്യവർഗ്ഗത്തിന്റെ പൊതുസ്വഭാവം. ഈ ലോകത്ത് കോൺടിനെന്റൽ ഫുഡ് കഴിക്കുന്നവർ മാത്രമല്ല നാനാതരം വേവലാതികളുമായി നട്ടം തിരിയുന്ന ഒരുപാട് മനുഷ്യരുണ്ട്. അവരെക്കുറിച്ചൊക്കെ വല്ലപ്പോഴും ഓർത്ത് ഇത്തിരി സങ്കടപ്പെടുന്നതൊക്കെ നല്ലതാ. മനസ്സ് നന്നാവും." സംസാരിച്ച് അടിയുടെ വക്കത്തെത്തിയപ്പോൾ അഖില പൊട്ടിത്തെറിക്കുന്നു. "കുറേ നേരമായല്ലോ നിങ്ങളിവിടെക്കിടന്ന് ഷോ കാണിക്കാൻ തുടങ്ങീട്ട്. എഴുത്ത്.... വായന..... സമൂഹം.... പ്രതിബദ്ധത... എനിക്കൊന്നുമറിയില്ല. എങ്കി ഞാനൊന്നു ചോദിച്ചോട്ടെ.... നിങ്ങൾക്ക് കാറോടിക്കാനറിയാമോ? ഫ്യൂസായ ബൾബ് മാറ്റിയിടാനറിയാമോ? മൊബൈലിൽ വിളിച്ച് ഒരു ടിക്കറ്റ് റിസർവ് ചെയ്യാനറിയാമോ?"

ഭാര്യയുമായി പിണങ്ങിയ രവിചന്ദ്രൻ എങ്ങിനെയും ഡ്രൈവിംഗ് പഠിക്കാനുറച്ചു. പഠിപ്പിക്കുന്നത് മദർ ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകൻ രാമകൃഷ്ണൻ. സാധാരണക്കാരിൽ സാധാരണക്കാരനായ രാമകൃഷ്ണൻ, രവിചന്ദ്രൻ എന്ന ഫിലോസഫി അദ്ധ്യാപകനെ ഡ്രൈവിംഗിന്റെ കൂടെ ജീവിതവും പഠിപ്പിക്കുകയായിരുന്നു. ഒരു സന്ദർഭത്തിൽ രാമകൃഷ്ണൻ ഡ്രൈവിംഗ് പരിശീലനത്തിനിടെ പറയുന്നു: "സത്യം പറഞ്ഞാൽ ഈ ടീവീലും പത്രത്തിലുമൊക്കെ കാണണ സാംസ്കാരിക നായകൻമാരേം സാഹിത്യകാരൻമാരേം അകലെ നിന്നട്ട് ആരാധിക്കാൻ കൊള്ളാം. അടുത്ത് ഇരുന്ന് കൊറച്ചേരം സംസാരിക്കണം. അപ്പോ അറ്യാം.. മ്മടെ അത്രപോലും ജീവിതബോധം അവർക്കില്ല്യാന്ന്. സാറിന്റെ കാര്യല്ലാട്ടാ.." എന്ന് രാമകൃഷ്ണൻ പറഞ്ഞെങ്കിലും രവിചന്ദ്രനെ അത് ചിന്തിപ്പിച്ചു. അയാൾ ആലോചിച്ചു. ഇങ്ങനെയൊക്കെ ആലോചിക്കുമ്പോൾ അഖിലയെക്കാൾ മെച്ചപ്പെട്ട ഒരു വ്യക്തിത്വം അവകാശപ്പെടാൻ പറ്റാത്ത സ്ഥിതിക്ക് അവളുടെ ശീലങ്ങളെ മുറിച്ചുമാറ്റാനോ ബാലിശമാണെന്ന് വിരൽചൂണ്ടാനോ തനിക്കെന്തധികാരം?

വാഹനത്തെ ശരീരത്തോടും എൻജിനെ ഹൃദയത്തോടും ഓയിൽ ട്യൂബിനെ രക്തക്കുഴലിനോടും ഉപമിച്ച് വിദഗ്ധമായി ഡ്രൈവിംഗ് പഠിപ്പിക്കുന്ന രാമകൃഷ്ണൻ, തനിക്കൊരിക്കലും തന്റെ ഭാര്യയെ ഉപേക്ഷിക്കാനാവില്ലെന്നു പറയുന്നു. ഉറങ്ങിക്കിടക്കുന്ന ഭാര്യയുടെ മുഖത്ത് ലോകത്തിന്റെ മുഴുവൻ സങ്കടവും കുത്തിയൊലിച്ചു വരുന്നതുപോലെ തോന്നുമെന്നും ഒറങ്ങിക്കിടക്കുന്ന ഭാര്യേടെ മുഖത്ത് നോക്കിയാൽ ആർക്കും അവരെ ഉപേക്ഷിക്കാൻ പറ്റില്ല എന്നും പറയുമ്പോൾ രവിചന്ദ്രനെന്ന മദ്ധ്യവർഗ്ഗ ബുദ്ധിജീവിയായ കോളേജ് അദ്ധ്യാപകനിൽ അത് ചലനങ്ങൾ ഉണ്ടാക്കുന്നു.

. ക്ലാസ് മുറിയിലും സെമിനാർ ഹാളിലും ആഴ്ചപ്പതിപ്പിന്റെ താളുകളിലും മാത്രം ഒതുങ്ങുന്ന രവിചന്ദ്രൻ മാഷുമാരുടെ സാമൂഹ്യബോധവും വീട്ടിലെ സകല ജോലികളും ചെയ്ത് സ്വന്തം വീട്ടിലെ കുടുംബാംഗങ്ങളെയെങ്കിലും പരിചരിച്ച് യാതൊരു ദാർശനിക അലട്ടും ഇല്ലാതെ കഴിയുന്ന സാധാരണ വീട്ടമ്മമ്മമാരായ അഖിലമാരുടെ സാമൂഹികബോധമില്ലായ്മയും താരതമ്യം ചെയ്യേണ്ടതാണ്. സാധാരണ വീട്ടമ്മ,സാധാരണക്കാരനായ ഡ്രൈവിംഗ് പരിശീലകൻ.. അങ്ങനെ നമ്മെ ജീവിതം പഠിപ്പിക്കാൻ കഴിയുന്ന നമ്മുടെ ചുറ്റുമുള്ളവരിലേക്ക് കണ്ണുപായിക്കാൻ കഴിയുമോ നമുക്ക്..??



## അരവിന്ദ് ഗുപ്ത

## 'വളപ്പൊട്ടും, കാലിത്തീപ്പെട്ടിക്കൂടും ശാസ്ത്രം പഠിപ്പിക്കുന്നു

ശാസ്ത്രം ഭാവനയോട് കടപ്പെട്ടിരിക്കുന്നു. പലകാലങ്ങളിൽ പലരും കണ്ട' ഭാവനകളാണ് വലിയ കണ്ടുപിടിത്തങ്ങളായി മാറിയത്. നിത്യജീവിതത്തിൽ നാം പരിചയിക്കുന്ന ചെറുതും വലുതും ചിലപ്പോൾ പാഴ്‌വസ്തുക്കൾ പോലും ചിലത് നമ്മെ പഠിപ്പിക്കും. അരവിന്ദ് ഗുപ്ത എന്ന പഴയ ഐ.ഐ.ടി ബിരുദധാരി ഉന്നത ഉദ്യോഗം വലിച്ചെറിഞ്ഞ് 30 ൽ പരം വർഷങ്ങളായി കേടുവന്ന ബാൾപേനയും, സിഗരറ്റ് കൂടും, ഒഴിഞ്ഞ കാനും... മറ്റുമായി വിദ്യാലയങ്ങളായ വിദ്യാലയങ്ങളും ഗവേഷണ സ്ഥാപനങ്ങളും കയറിയിറങ്ങുന്നത് ശാസ്ത്ര പഠനത്തിലെ തനതു പരീക്ഷണങ്ങളുമായാണ്.

ഉപയോഗിക്കുന്ന എല്ലാ പഠനസാമഗ്രികളും കൈകൊണ്ട് എളുപ്പത്തിൽ ഉണ്ടാക്കുന്നവയും, ഉപയോഗശൂന്യമായ വസ്തുക്കളും ആണ്. വെളിച്ചം, താപം.. തുടങ്ങിയ നിത്യപ്രതിഭാസങ്ങളെ ബാൾപെൻ റീഫില്ലുകൾ, ഒഴിഞ്ഞ കാൻ, വളപ്പൊട്ട്... തുടങ്ങിയ സാധാരണവും നിസ്സാരവുമായ സാധനസാമഗ്രികൾ കൊണ്ടാണ്. വിലപിടിപ്പുള്ള ഉപകരണങ്ങളോ, ലബോറട്ടറി സൗകര്യമോ ഇല്ലാത്ത വിദ്യാർത്ഥികൾക്കും അരവിന്ദ് ഗുപ്തയുടെ ബോധനം ഏറെ ഫലപ്രദമാണ്.

എന്നെത്തന്നെ പുതുക്കി പ്രതിഷ്ഠിക്കുന്നതാണ് എന്റെ ഈ പ്രവർത്തനം. എല്ലാ കുട്ടികളുടെ കണ്ണുകളിലും കാണാം ഒരു സ്വപ്നം. ഈ സ്വപ്നം തന്നെയാണ് നമ്മുടെ പ്രതീക്ഷ അരവിന്ദ് ഗുപ്ത പറയുന്നു.

യൂണിസെഫ്, അന്തർദേശീയ കളിപ്പാട്ട ഗവേഷണസംഘടന, യുനസ്കോ... തുടങ്ങിയ ഏജൻസികളുടെ ഒട്ടേറെ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട് കാൺപൂർ സ്വദേശിയായ അരവിന്ദ് ഗുപ്ത

---

## 100 Ruppee Club

രാജസ്ഥാനിലെ ദരിദ്രഗ്രാമത്തിലെ പെൺകുട്ടിക്ക് സ്കൂളിൽ പോയി പഠിക്കാൻ ഒരു സഹായം, പ്രളയക്കെടുതി ബാധിച്ച കുടുംബത്തെ സഹായിക്കുക, എയ്ഡ്സ് രോഗികളുടെ പുനരധിവാസം.... അങ്ങനെ നമ്മുടെ ചെറിയ കൈസഹായം ആവശ്യമുള്ളവർ ധാരാളം. കേവലം 100 രൂപ പ്രതിമാസം നൽകിയാൽ അത് കൃത്യമായി അർഹിക്കുന്നവരിലെത്തിക്കുന്ന സംഘടനയാണ് 100 രൂപ ക്ലബ്ബ്

---




## നിങ്ങൾ വരിസംഖ്യ അയച്ചോ?

പരസ്യമില്ലാതെ, ചില്ലറ വിൽപ്പനയില്ലാതെ ലിറ്റിൽ മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നത് കുറച്ചുപേരുടെ വരിസംഖ്യ ഒന്നിച്ചുകിട്ടുന്നതുകൊണ്ടാണ്. ഓരോ മാസവും കുറച്ചു പഴയ വരിക്കാർ വരിസംഖ്യ പുതുക്കിയും പുതിയ വരിക്കാരെ കണ്ടെത്തി തന്നും സഹായിച്ചാൽ മാസിക കൃത്യമായി പുറത്തിറങ്ങും. 100 രൂപ അയച്ചുതന്ന് വരി പുതുക്കിയും വരി ചേരാൻ തയ്യാറുള്ള രണ്ടുപേരെയെങ്കിലും ചേർത്തുംവിലാസങ്ങൾ അയച്ചുതന്നും ദയവായി സഹായിക്കുഇന്നുതന്നെ പോസ്റ്റോഫീസ് സന്ദർശിക്കുക!

-ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ,മലപ്പുറം-679334

സൈക്കിൾ ടൈംസ്

## ആംസ്റ്റർഡാമിലെ സൈക്കിളുകൾ

കേരളത്തിന്റെ അത്രമാത്രം വലുപ്പമുള്ള നെതർലന്റിൽ ജനസംഖ്യ കേരളത്തിന്റെ പകുതിയോളമേ ഉള്ളൂ. ഒരു കോടി അറുപത് ലക്ഷം. സർക്കാർ കണക്കു പ്രകാരം ഈ ഒരു കോടി അറുപതു ലക്ഷം ജനങ്ങൾക്ക് ഒരു കോടി മുപ്പത് ലക്ഷം സൈക്കിളുകൾ ഉണ്ട്. എവിടെ പോയാലും ഹോളണ്ടുകാർ സൈക്കിളും കൊണ്ടുപോവും. എവിടെ വേണമെങ്കിലും സൈക്കിൾ കൊണ്ടുപോകാം. ട്രെയിനുകളിൽ സൈക്കിളുമായി കയറാൻ പ്രത്യേക കമ്പാർട്ട്മെന്റുകളുണ്ട്. ഡബിൾഡക്കർ കമ്പാർട്ട്മെന്റുകളിൽ താഴത്തേതിൽ ആണ് സൈക്കിളുള്ളവർ കയറേണ്ടത്. അതിൽ സൈക്കിൾ വീഴാതെ വെക്കാനുള്ള സൗകര്യം കമ്പാർട്ട്മെന്റിൽ ഉണ്ടാകും. സൈക്കിൾ ട്രെയിനിൽ കയറ്റാൻ സമ്മതിച്ചില്ലെങ്കിൽ ഹോളണ്ടുകാർ ട്രെയിനുപേക്ഷിച്ച് സൈക്കിളും ചവിട്ടിപ്പോകുമെന്ന് അവിടുത്തെ റെയിൽവെ അധികൃതർക്ക് അറിയുമായിരിക്കാം.

*(കേരളീയം)*

---

പുസ്തകം

## കർക്കിടകം (കഥകൾ)

സുനിൽ. പി. മതിലകം.
പ്രിന്റ് ഹൗസ്, മതിലകം. പി.ഒ., തൃശ്ശൂർ

ജീവിതാനുഭവങ്ങളുടെ ചൂടും ചൂരും ഓരോ വരികളിലും ആവാഹിക്കുന്ന കൊച്ചുകഥകളുടെ സമാഹാരം. രണ്ട് സംവത്സരക്കാലം കൊണ്ട് കേരളത്തിലെ സമാന്തര മാഗസിനുകളിൽ പ്രസിദ്ധീകരിച്ച കഥകൾ, സമാന്തര മാഗസിനുകളുടെ പ്രസക്തി ഓർമ്മപ്പെടുത്തുക കൂടിയാണ് പുസ്തകം

### പുതിയ സംഘടന

## ലോ ഇന്നവേറ്റീവ് സെന്റർ

നിയമം അറിഞ്ഞിരിക്കുക എന്നത് നിയമവാഴ്ച നിലവിലിരിക്കുന്ന ഏതു സമൂഹത്തിലേയും പൗരന്റെ കടമയാണ്. കാലികമായും, സർഗ്ഗാത്മകമായും നിയമത്തെ വായിക്കുക എന്ന കാഴ്ചയോടെ ഒരു സംരംഭം മലപ്പുറം ജില്ലയിൽ ആരംഭിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ ജൂൺ 5 ന് പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നിയമവും പരിസ്ഥിതിയും സെമിനാർ ജില്ലാ ലീഗൽ സർവീസ് കമ്മറ്റി, വനംവകുപ്പ്, നിലമ്പൂർ പ്രകൃതിപഠനകേന്ദ്രം എന്നിവയോട് ചേർന്ന് സംഘടിപ്പിച്ചാണ് തുടക്കം.

മണ്ണിലും മനസ്സിലും ഉണ്ടാവേണ്ട പച്ചപ്പിനായുള്ള അന്വേഷണവഴികളിൽ നിയമചിന്തകൾക്കും പഠനങ്ങൾക്കും പ്രസക്തിയുണ്ട് എന്ന ആലോചനയിൽ എല്ലാ സുമനസ്സുകളുടെയും കൂട്ടായ സഹായപിന്തുണകൾ തേടുന്നു.

ലോ ഇന്നവേറ്റീവ് സെന്ററിനു വേണ്ടി: ബിജു ജോൺ, അഡ്വക്കേറ്റ്, മഞ്ചേരി. ഫോൺ: 9946428284



**100 രൂപയ്ക്ക് കിട്ടുന്ന കാര്യങ്ങൾ**

100 രൂപയ്ക്ക് നിങ്ങളുടെ മോബൈൽ ഫോൺ റീചാർജ് ചെയ്താൽ എത്ര പേരെ വിളിക്കാം വളരെ കുറച്ചാളുകളോട് വളരെ കുറച്ച കാര്യങ്ങൾ മാത്രം സംസാരിക്കാം

ലിറ്റിൽ മാസിക ഒരു വർഷത്തേക്ക് തപാലിൽ കിട്ടാൻ 100 രുപ മുടക്കിക്കൂടെ..?

എം. ഒ അയച്ചാൽ മതി.

പൂങ്കത്തറ പി.ഒ, മലപ്പുറം - 679334



## പരസ്യചന്തയിലെ ചിത്രകാരൻ

**കുരീപ്പുഴ ശ്രീകുമാർ**

ചിത്ര ശില്പശാലകളിൽ നിന്നും ഉന്നത ബിരുദം നേടുന്ന കലാകാരൻമാർ വിശപ്പടക്കാൻ വേണ്ടിയും ചിലപ്പോഴൊക്കെ അമിതജീവിത സൗകര്യമൊപ്പിക്കാൻ വേണ്ടിയും പരസ്യചന്തകളിൽ അഭയം തേടുന്നു. ഇവരുടെ സർഗ്ഗസമ്പത്തിന്റെ ചായത്തിൽ മുങ്ങുമ്പോൾ കുഞ്ഞുമകന്റെ കാലിൽ സോക്സിടുന്ന അമ്മ കോണ്ടത്തിന്റെയും സ്ക്രീൻ തകർക്കുന്ന ചെകുത്താൻ ടി.വി.യുടെയും ആകർഷണങ്ങളാകുന്നു. ഗായകന്റെ രാഗവിസ്താരസഫലതയിൽ പ്രത്യക്ഷയാകുന്ന ജനദേവതയെ ഗളഛേദം ചെയ്യാൻ നിൽക്കുന്ന ദുർമന്ത്രവാദിനിയാണിവിടെ മുതലാളിത്തം. എന്നാൽ ചിലരുണ്ട്, അവർ പരസ്യത്തിന്റെ ക്യാൻവാസ് ചവിട്ടിക്കീറി ചരിത്രത്തിലേക്കു നടക്കും.


കേരളത്തിലെ വനങ്ങൾ നടന്നുകണ്ട് വൃക്ഷങ്ങളുടെ മാത്രം ചിത്രങ്ങൾ പകർത്തിയ ജോണി മിഖായേൽ ഒരു ചിത്രകലാശാലയിലും പഠിച്ചില്ല. ശില്പമുണ്ടാക്കി തെരുവിൽ വെച്ച രാഘവൻ അത്തോളി ഫൈൻ ആർട്സ് കോളേജിനു പുറത്താണ് അത്ഭുതമുണ്ടാക്കിയത്. അങ്ങനെയുമുണ്ട് മലയാളത്തിൽ ചിത്രകാരൻമാരും ശിൽപികളും.ഓണക്കാലത്ത് ദില്ലിയിലെ ലളിതകലാ അക്കാദമിയിൽ ആവർത്തന വിരസതയുള്ള കൃഷ്ണചിത്രങ്ങൾ കണ്ടുനിന്നപ്പോൾ ചിത്രകാരൻ വന്നു സ്വയം പരിചയപ്പെടുത്തി. 'ഞാൻ പാട്നയിലെ ഐ.എ.എസ് ഓഫീസറാണ്'.ഐ.എ.എസ്, കലാകാരന്റെ യോഗ്യതയല്ലെന്നു പറഞ്ഞ് ഞാനയാളുടെ വിഡ്ഢിത്തം മാറ്റാൻ ശ്രമിച്ചു. ഭരണരംഗത്തു മാത്രമല്ല, കലാസാഹിത്യരംഗങ്ങളിലും ഐ.എ.എസ്. ലോബി! ഇവർ സ്വയം പരസ്യവസ്തുക്കളായി പരിഹസിക്കപ്പെടുന്നത് കാലത്തിന്റെ മായുന്ന ചുമരെഴുത്താകുന്നു.

**(ലിറ്റിൽ മാസിക: നവംബർ 2000)**


## മൂൺസ് ചന്ദ്രൻ സ്മൃതിയും മഴക്യാമ്പും

നിലമ്പൂർ പ്രകൃതിപഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മൂൺസ് ചന്ദ്രൻ സ്മൃതിയും പെരുമഴ ക്യാമ്പും 2011 ജൂലായ് 9, 10 തിയ്യതികളിൽ നിലമ്പൂർ ചന്തക്കുന്ന് ചന്ദ്രകാന്തത്തിൽ വെച്ച് നടക്കും. സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, സന്നദ്ധസംഘടനാ പ്രവർത്തകർ, മറ്റു താല്പര്യമുള്ള മുഴുവൻ സുഹൃത്തുക്കൾക്കും സ്വാഗതം.

**വിവരങ്ങൾക്ക് വിളിക്കാം: 09446635140**



കാമ്പയിൻ



# ‘What is to be done about this?’

വ്യക്തികൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾക്ക് ഭരണകൂടം ശിക്ഷ വിധിക്കും. എന്നാൽ ഭരണകൂടം ചെയ്യുന്ന കുറ്റകൃത്യങ്ങളുടെ കാര്യത്തിലോ? അന്താരാഷ്ട്ര സംഘടനയടക്കമുള്ള ഔദ്യോഗിക അന്തർദേശീയ ഏജൻസികൾ നോക്കുകുത്തികളായി നിൽക്കുമ്പോൾ സ്വതന്ത്രവും ജനകീയവുമായ അന്വേഷണസംവിധാനങ്ങൾ അവസരത്തിനൊത്തുയരുന്നു. ലോകമെമ്പാടും നടക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളെക്കുറിച്ചും ജനങ്ങളുടെ അവകാശങ്ങളെക്കുറിച്ചും സ്വതന്ത്ര അന്വേഷണം നടത്തുന്ന, ഒരു ഭരണകൂടത്തിന്റെയും ഔദ്യോഗിക പിന്തുണയില്ലാതെ പ്രവർത്തിക്കുന്ന ‘പെർമനന്റ് പീപ്പിൾസ് ട്രൈബ്യൂണൽ’ ഒരു അന്തർദേശീയ സന്നദ്ധ അന്വേഷണസംരംഭമാണ്. 31 രാജ്യങ്ങളിലെ മനുഷ്യാവകാശ പ്രവർത്തകരും എഴുത്തുകാരും നിയമജ്ഞരും ചേർന്ന് 1979 ൽ ഇറ്റലിയിലെ ബോൾഗാനയിൽ വെച്ച് രൂപീകരിച്ച ഈ ജനകീയ കോടതിയുടെ മൂലധനവും കരുത്തും അതിലെ അംഗങ്ങളുടെ പ്രാഗത്ഭ്യവും നിഷ്പക്ഷതയും വിശ്വാസ്യതയുമാണ്.

കലാപങ്ങൾ, യുദ്ധങ്ങൾ, കൂട്ടക്കൊലകൾ എന്നിങ്ങനെ രാഷ്ട്രങ്ങളുടെ മുൻകയ്യിൽ തന്നെ നടക്കുന്ന മനുഷ്യനിർമ്മിത ദുരന്തങ്ങളിൽപെട്ട ഇരകളുടെയും ബന്ധപ്പെട്ടവരുടെയും മാധ്യമപ്രവർത്തകരുടെയും പരാതിയിൻമേൽ അന്വേഷണം നടത്തി നിഗമനങ്ങളിലെത്തുന്നു. . നാളിതുവരെ നാൽപ്പതോളം അന്വേഷണങ്ങൾ നടത്തി.

2009 ൽ ശ്രീലങ്കയിൽ പ്രസിഡന്റ് രാജപക്ഷെയുടെ കൊട്ടിഘോഷിക്കപ്പെട്ട തമിഴ്പുലി ഓപറേഷന്റെ മറവിൽ നടന്ന ഞെട്ടിപ്പിക്കുന്ന മനുഷ്യക്കുരുതിയുടെ വിവരങ്ങളാണ് ഈ ട്രൈബ്യൂണൽ പുറത്തുവിട്ടിരിക്കുന്നത്. 2009 അവസാനത്തോടെ മനുഷ്യത്വം ചവിട്ടിയരച്ച് സ്ത്രീകളും വൃദ്ധരും കുട്ടികളുമടക്കമുള്ള നാല്പതിനായിരം തമിഴ് വംശജരെ ഒന്നോടെ കൊന്നുകുഴിച്ചുമൂടിയ പൈശാചികത പക്ഷേ ലോകത്തിന്റെ മുന്നിൽ മറച്ചുവെയ്ക്കപ്പെട്ടു. യുദ്ധത്തടവുകാരോട് കാണിക്കണമെന്ന് അന്തർദേശീയ കരാറുകൾ നിർദേശിക്കുന്നതുപോലും നിരപരാധികളോട് കാണിക്കാതെയാണ് ഒരു സമൂഹത്തെ ശ്രീലങ്കൻ സർക്കാർ തുടച്ചുനീക്കാൻ ശ്രമിച്ചത്. യുദ്ധഭീകരത വരച്ചുകാട്ടുന്ന ഫോട്ടോകളുടെയും സംഭവവിവരണങ്ങളുടെയും സമാഹാരം മധുരയിലെ പെന്നി ക്യൂയിറ്റ് പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു പത്ത് പേജിൽ കൂടുതൽ മറിച്ചുനോക്കാൻ മടിച്ചുപോകുന്നവിധം ക്രൂരത ചിത്രങ്ങളിൽ കാണാം.

ഭരണകൂടം സമാധാനം സൃഷ്ടിക്കുന്നതിന്റെ ക്രൂരവഴികളുടെ ഉദാഹരണങ്ങൾ നമുക്കുചുറ്റും ധാരാളം. ഇതിൽ നമുക്ക് ഒന്നും ചെയ്യാനില്ല എന്ന് തോന്നാം. പക്ഷേ നാം ഇത് ചർച്ച ചെയ്തേ തീരൂ. ശ്രീലങ്കൻ തമിഴർക്കുനേരെ നടത്തിയ ക്രൂരതകൾ വെളിപ്പെടുത്തുന്ന ഫോട്ടോയുള്ള പുസ്തകത്തിന്റെ തലക്കെട്ടും സവിശേഷമാണ്. ‘What is to be done about this?’ ഇന്ത്യയിലെ തമിഴ് വംശജരായ ചില ആക്റ്റിവിസ്റ്റുകളും പി.യു.സി.എൽ പോലെയുള്ള സംഘടനകളും അവിടവിടെയായി ഇതു സംബന്ധിച്ച പൊതുചർച്ചകൾക്കും സംവാദങ്ങൾക്കും തുടക്കമിട്ടിട്ടുണ്ട്.

ശ്രീലങ്കൻ തമിഴരുടെ ദുരന്താനുഭവങ്ങളെ മുൻനിർത്തി അധികാരത്തിന്റെ എല്ലാക്കാലത്തെയും നിഷ്ഠൂരതകളെയും അതിനെതിരെയുള്ള ചെറുത്തുനിൽപ്പുകളെക്കുറിച്ചുമുള്ള ചർച്ചകൾക്കും പഠനങ്ങൾക്കും ബന്ധപ്പെടാം

: *Debate on war against Thamil Civilians.* C/o Adv. P.A. Pouran., General Secretary .P.U.C.L state Committee, Manjeri. Phone: 09446250219

Edited,Prited ,Published and Owned by Biju John. Printed at 4 Prints for Co Operative Press Chungathara